UNIVERSITY LIBRARY 16 NOV 48


# പാരിജാതം

പുസ്തകം 2 | 1124 തുലാം. | ലക്കം 3


## മംഗളം.

(പരേതനായ പ്രസിദ്ധകവി, ശ്രീ. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ.)

---

തൃപ്പാദതാരൊളിക്കൺകളികളിലുലകം
പെററു പോററീടുമമ്മേ!
മുപ്പാരിൻ മൂർത്തിമത്താകിയ ഭവതനയേ!
ഭദ്രദേ! ഭദ്രകാളീ!
തൃപ്പാദത്താമരത്താരടിയിന്നു പണിയും
ഭക്തവൃന്ദങ്ങളായോ-
രിപ്പാവങ്ങൾക്കു നീയേ ശരണമയി! സദാ
ശ്രീകരി! ശ്രീകുരുംബേ!

---

## * സ്വഭാവരൂപവല്ക്കരണം.

(ശ്രീ. കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്.)

സ്വഭാവരൂപവല്ക്കരണത്തെ സംബന്ധിച്ചേടത്തോളം, ജനസാമാന്യത്തിൽ ഒരു വലിയ വിഭാഗം അഭിപ്രായപ്പെടുന്നതു, പാരമ്പര്യത്തെ ആസ്പദിച്ചിരിക്കും അതിന്റെ സ്ഥിതിഗതിയെന്നാകുന്നു. എന്നാൽ, ഒരാൾക്കു സ്വഭാവത്തിൽകാണുന്ന ഗുണദോഷങ്ങൾ മിക്കവാറും ആദ്യകാലഘട്ടത്തിലുള്ള അയാളുടെ പരിതസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു എന്നു പറയുന്നവരും ധാരാളമുണ്ടു്. മറെറാരു തരക്കാരുടെ അഭിപ്രായം, മനുഷ്യർക്കു സ്വഭാവരൂപവല്ക്കരണത്തിന്നുള്ള ശരിയായ കാലം തക്കതായ വിദ്യാഭ്യാസം സിദ്ധിക്കുന്ന സമയമാണെന്നാകുന്നു. വാസ്തവത്തിൽ, ഈ മൂന്നു സംഗതികളും സ്വഭാവരൂപവല്ക്കരണതത്വത്തെപ്പററി പര്യാലോചിക്കുമ്പോൾ പ്രത്യേകം ചിന്തിക്കേണ്ടവയാണു്. ഈ പ്രശ്നം അതിപ്രധാനവുമാണു്. നമ്മുടെ ജീവിതദശയിൽ പരിപൂർണ്ണമായ ഒരു നിലയും വിലയും വളർത്തിക്കൊണ്ടുവരേണ്ടതിന്നു ഈ വിഷയത്തെക്കുറിച്ചു ജനസമുദായം ശരിയായ വിവരങ്ങളെ ആരായേണ്ടതു് അത്യാവശ്യമാകുന്നു. സാർവ്വലൌകികബന്ധമുൾപ്പെടെയുള്ള നമ്മുടെ ജീവിതത്തിലെ സകലപ്രസ്ഥാനങ്ങളിലും ശാസ്ത്രീയതത്വങ്ങളേക്കാൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നതു്, ഓരോ വ്യക്തിയുടെയും അഭിനന്ദനീയമായ സ്വഭാവരൂപവല്ക്കരണത്തിൽ പ്രസ്പഷ്ടമായിട്ടുള്ള പല മുഖ്യ സംഗതികളുമാണു്.

---

* ഡോക്ടർ ജി.ഡി. ബോസ്, M.A., D.Phil (Oxon) ഇംഗ്ലീഷിൽ എഴുതിയ ഒരു ഉപന്യാസത്തെ അവലംബിച്ചു്.

മനശ്ശാസ്ത്രസിദ്ധാന്തങ്ങൾക്കു കൂടുതൽ പ്രാധാന്യം കല്പിക്കുന്ന ഒരുക്കൂട്ടം ജനങ്ങൾ, അഥവാ സ്വഭാവരൂപവല്ക്കരണതത്വമാരാഞ്ഞറിയുന്നവരെന്നു പറയപ്പെടുന്ന ചിലർ, സമർത്ഥിക്കുന്നതു പരിതസ്ഥിതിയാണു യാതൊരാളുടെയും സ്വഭാവരൂപവല്ക്കരണത്തിന്നു മുഖ്യനിദാനമെന്നാകുന്നു. പക്ഷേ, പരീക്ഷണങ്ങളും അന്വേഷണങ്ങളും പ്രസ്പഷ്ടമാക്കിയിട്ടുള്ളതു പ്രസ്തുതാഭിപ്രായത്തിന്നു കാര്യമായ ഒരു അടിസ്ഥാനമില്ലെന്നും, അങ്ങിനെ വാദിക്കുന്നവർ സ്വാഭിപ്രായത്തിന്നു പ്രബലത വരുത്തുവാൻവേണ്ടി അപ്രകാരം സിദ്ധാന്തിക്കുകയാണെന്നും പറയാതെ നിവൃത്തിയില്ല. നാം സ്വഭാവമെന്നു നിർവ്വചിക്കുന്നതു നമുക്കു ബാഹ്യലോകവുമായി—മനുഷ്യർ, പ്രകൃതിനിരീക്ഷണത്താൽ ലഭിക്കുന്ന പല വസ്തുക്കളുടെയും സ്ഥിതിഗതികൾ മുതലായവയുമായി—സമ്പർക്കത്തിന്നിടവരുമ്പോൾ ഉണ്ടാകുന്ന ഒരു ബോധത്തിന്റെ ഛായയാണെന്നാകുന്നു ചില തത്വജ്ഞാനികൾ വ്യവഹരിക്കുന്നതു്. ഈ അഭിപ്രായം ഏറെക്കുറെ പരമാർത്ഥമാണെന്നു പറയാം. മനുഷ്യജീവിതത്തിന്റെ വളർച്ചയിൽ അപ്രകാരമുള്ള പരിതസ്ഥിതിയും, യഥാർത്ഥ പരിചയവും എല്ലാ നിലയിലും, സ്വഭാവരൂപവല്ക്കരണത്തിന്നു ഉററ സഹായികളായിരിക്കും. എന്നാൽ ചിലക്കു സ്വതവേ സ്വഭാവത്തിലുള്ള വ്യത്യാസവും, ശരീരപ്രകൃതിയുടെ രീതിയും സ്വഭാവരൂപവൽക്കരണത്തെപ്പററി ആരായുമ്പോൾ നിശ്ചയമായും ശ്രദ്ധേയങ്ങളാണ്. സ്വഭാവത്തിന്നു നമ്മുടെ വികാരജന്യങ്ങളായ സ്തോഭങ്ങളുമായി എല്ലാ നിലയിലും ഏററവും അടുപ്പമാണുള്ളതെന്നു സമ്മതിച്ചേ കഴിയൂ. നമ്മുടെ സ്വഭാവരൂപവല്ക്കരണത്തിന്നു മൌലികവസ്തുക്കളായിപ്പറയാവുന്നവ ഭയം, കോപം, സ്നേഹം മുതലായവയാണ്. പ്രസ്തുത സ്തോഭങ്ങൾ നമ്മളിൽ എത്രമാത്രം വർദ്ധിക്കുന്നുണ്ടെന്നും, അവയുടെ നഗ്നമായ നില വെളിപ്പെടുവാനിടവരത്തക്കവണ്ണം നാം അവയ്ക്കു എത്രത്തോളം വിധേയരാകുന്നുവെന്നും അറിയേണ്ടതുണ്ട്. ഒരു വസ്തുവിനെപ്പററിയുള്ള ശരിയായ വിജ്ഞാനസമ്പാദനത്തിന്നും, അതിനെക്കുറിച്ചു നമുക്കുള്ള ബുദ്ധിപൂർവ്വകമായ അഭിപ്രായത്തിന്നും പുറമേ ഏതെങ്കിലും ഒരു വിഷയത്തിൽ, അഥവാ മനുഷ്യനിൽ സുസ്ഥിരമായ ഒരു ബന്ധമോ അല്ലെങ്കിൽ വാസനയോ സിദ്ധിക്കുവാൻ, നമുക്കു പല സമയങ്ങളിലും അനുഭവപ്പെടുന്ന വികാരജനകങ്ങളായ സ്തോഭങ്ങളെ ശരിക്കു നിയന്ത്രണം ചെയ്യേണ്ടിവരുമെന്നുള്ളതു നിർവ്വിവാദമാണ്. നമുക്കു പല സന്ദർഭങ്ങളിലും ഉണ്ടാകാനിടയുള്ള വിവിധ വിചാരങ്ങളുടെ (തോന്നലുകളുടെ) വളർച്ചയെസംബന്ധിച്ചു മനശ്ശാസ്ത്രവിഷയത്തിലുള്ള ഏതെങ്കിലും ഒരു പാഠപുസ്തകത്തിന്നു പല വിജ്ഞാനപ്രദങ്ങളായ സംഗതികളെയും നമ്മെ മനസ്സിലാക്കുവാൻ കഴിയും. ഒരു വ്യക്തിയെയോ, സാധനത്തെയോ സംബന്ധിച്ചു വീണ്ടും വീണ്ടും നമുക്കു പ്രത്യേകവികാരങ്ങൾ അനുഭവപ്പെടുവാനിടയാകുമ്പോൾ നിശ്ചയമായും ആ വ്യക്തിയെയോ, സാധനത്തെയോ സംബന്ധിച്ചു നമുക്കു വാസ്തവത്തിൽ സ്ഥിരമായ ഒരഭിപ്രായം ജനിക്കുന്നു. ഇതിന്നു ചില വിദ്വാന്മാർ കൊടുക്കുന്ന വ്യാഖ്യാനം കേവലം മാനസികവ്യാപാരത്തിന്നാടിസ്ഥാനമായ ഒരു "തോന്നൽ" എന്നാകുന്നു. അപ്രകാരമുള്ള തോന്നലുകൾ നമ്മളിൽ ശരിയായി നിലകൊള്ളുകയും, അവയ്ക്കു വളർച്ചയുണ്ടാവുകയും ചെയ്യുമ്പോൾ, താൽക്കാലികമായി നമുക്കുണ്ടാകുന്ന വികാരതരളിതങ്ങളായ സ്തോഭങ്ങൾക്കോ, അനുഭവങ്ങൾക്കോ മുൻപറയപ്പെട്ട സ്ഥായിയായ തോന്നലുകളെ ഒരിക്കലും പരാജയപ്പെടുത്തുവാൻ സാധിക്കയില്ല. വികാരജന്യങ്ങളായ സ്തോഭങ്ങളെ അതിർവിട്ടു വളരുവാൻ ഒരാൾ വഴിവെയ്ക്കുന്നില്ലെങ്കിൽ അയാൾ അവയെ അമർത്തുവാൻ ശക്തനാണെന്നു ആരെങ്കിലും പറയുന്നതിൽ അർത്ഥമില്ല. ഭയം, കോപം, മുതലായ വികാരജനകങ്ങളായ സ്തോഭങ്ങൾ തീരെ ഗർഹണീയങ്ങളാണെന്നും, ആകയാൽ വളർന്നുവരുന്ന ഒരു ശിശുവിൽ അവ ബാധിക്കാനിടയാക്കാതെ, അവയെ "മുളയിൽത്തന്നെ നുള്ളിക്കളയണം" എന്നും ജനങ്ങളിൽ ഒരു വലിയ വിഭാഗക്കാർ വിശ്വസിക്കുന്നുണ്ട്. അങ്ങിനെയുള്ള സ്തോഭങ്ങൾ കൃത്രിമരീതിയിൽ തീരെ ഉന്മൂലനം ചെയ്യപ്പെടുന്നതു മാനസികമായ ആരോഗ്യത്തിന്നു ഹാനികരമാണെന്നുമാത്രമല്ല, അഭിലഷണീയവും പ്രബലവുമായ സ്വഭാവത്തിന്റെ വളർച്ചയ്ക്കു പ്രസ്തുത സ്തോഭങ്ങൾ ക്രമേണ വളരുന്നതും, അവ പ്രകൃതിസിദ്ധമായ സ്ഥിതിഗതിയെ പാലിച്ചു പോരുന്നതും വളരെ ആവശ്യമാണെന്നു സമർത്ഥിക്കുവാൻ സാധിക്കും. ചിലപ്പോൾ നാം താൽക്കാലികമായ വികാരങ്ങളുടെ പ്രതിഫലനങ്ങളായ പല തോന്നലുകൾക്കും വിധേയരാകാറുണ്ട്. അവയാകട്ടെ, പരസ്പരസംബന്ധമില്ലാത്ത നിലയിൽ പ്രത്യക്ഷപ്പെടുന്നവയുമായിരിക്കും. നിശ്ചയമായും, അങ്ങിനെയുള്ള ഒരു നി

# “സ്വാഗതം ഹൈദ്രാബാദിൻ സ്വാതന്ത്ര്യസുദിനമേ!”

—: കേക :—

(ശ്രീ. അച്യുതാനന്ദ്.)

സ്വാഗതം! മിഥ്യാബോധവിധ്വംസവിപാകമേ!
സ്വാഗതം! പ്രേമോൽകൃഷ്ടജീവിതവിജയമേ!
പാവങ്ങൾ നമ്മെല്ലാരും പട്ടിണിയിട്ടും ഘോര-
പാരതന്ത്ര്യക്കെട്ടിലെ പ്പാഴ്പിരിയഴിയവേ,
സന്തതം പ്രേമം പാടും ശാന്തസംഗീതമെങ്ങോ
ചിന്തകൾ ചിറകടിച്ചുത്താളമുയരവേ!
അജ്ഞത വമിക്കും നാനാചാരധൂമം ദിവ്യ-
പ്രജ്ഞയിൽമാഞ്ഞെങ്ങോപോയ് ദിഗ്ഭ്രമമകലവേ,
ലോഭമാത്തിരശ്ശീലനീങ്ങവേ ഭാവംമാറി
ക്ഷോഭമററന്യോന്യം നാം കണ്ടുകാം കളിക്കവേ!
ഇന്നലെത്തമ്മിൽത്തമ്മിൽ തല്ലുന്നാമെല്ലാപ്പേരും
ഇന്നു നാമൊന്നായ് നമ്മൾക്കമ്മയുമൊന്നായ്ത്തീർന്നു?
ഭാവിയിൽ ഫലചിന്ത ഭാവിയാതുരുസ്വപം
പാവന പ്രയത്നത്താൽ പുലരും കൃഷിനാട്ടിൽ
ഭാരതദേവിക്കായി കർഷകപ്പരിഷകൾ
സ്വേദമുക്താഹാരത്തെ സ്സാദരം ചാർത്തിക്കാൻമൂ!
പ്രീതരായ് പ്രയത്നിപ്പോർ! ആയവർവിണ്ണോർനാട്ടിൽ
പൂതമായ്മിന്നും പുണ്യച്ചെങ്കതിർ വിളയിപ്പൂ!
പൂവനശ്രീയിങ്ങെങ്ങും പാഴ്മണ്ണിൽ പരത്തുവോർ
ജീവിതംതരിശല്ലെന്നാക്കമേ കാട്ടീടുന്നോർ!
അംബ! നിൻ ‘പുത്തൻവണ്ണം’ മിന്നിടുംപതാകയീ
നിർമ്മലകഥാതത്ത്വം കാററിലും കുറിക്കവേ!
ത്യാഗത്തിൻ പ്രഭാപൂരംഭാരതവിഹായസ്സി-
ലാകവേ നവോഷസ്സിൻ കുങ്കുമംതൊട്ടുവിക്കെ,
നൈരാശ്യനിശ്വാസത്തിൻ നേരിയനിഴൽപോലും
ആരാനും പുലർത്തുന്നോ! പുലർത്താൻ കഴിവുണ്ടോ?
സ്വാഗതം! മിഥ്യാബോധവിധ്വംസവിപാകമേ!
സ്വാഗതം! ഹൈദ്രാബാദിൻ സ്വാതന്ത്ര്യസുദിനമേ!

---

ല വന്നുകൂടരുത്: അതുകൊണ്ടാണ് ഓരോ വികാരത്തിന്നും ആസ്പദമായ തോന്നലുകൾ ശരിയായി സംഘടിതമാവണമെന്നും, അവയ്ക്കു് അന്യോന്യബന്ധമുണ്ടാകണമെന്നും മനശ്ശാസ്ത്രപണ്ഡിതന്മാർ സിദ്ധാന്തിക്കുന്നത്. ആ നിലയാണ് യഥാർത്ഥത്തിൽ സ്വഭാവം. വികാരജനകങ്ങളായ പല തോന്നലുകളും ഒരാൾക്കുണ്ടാകുമ്പോൾ അയാൾ, അവയിൽ ഗുണമുള്ളവയാണെന്നെണ്ണാവുന്ന ഒരാദർശമായി ഏതാണ്ടു ബന്ധപ്പെടുന്നവയുണ്ടെങ്കിൽ, അവയെമാത്രം മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്നതു പല നിലയിലും അഭിനന്ദനീയമാണ്. അങ്ങിനെ പല തോന്നലുകളിൽനിന്നും നല്ലവയെന്നു തോന്നുന്നവയിൽ മാത്രം സ്ഥായിയായ വാസന ചെലുത്തുന്നവനായിരിക്കും ക്രമേണ യഥാർത്ഥത്തിൽ സ്വഭാവഗുണമുള്ളവനായിരിക്കുക. ഈ കാര്യങ്ങളിൽ, വാസ്തവത്തിൽ പരിതസ്ഥിതികൾക്കും വലിയ ഒരു പങ്കുണ്ടെന്നു പറയാം. ചെറുപ്പംമുതൽക്കേ നമ്മുടെ ഗൃഹങ്ങൾക്കുള്ളിൽത്തന്നെ സ്ഥിതിചെയ്യുന്ന സ്നേഹം, വെറുപ്പ്, അസൂയ എന്നിവയുടെ അനുഭവങ്ങൾ മാതാപിതാക്കന്മാരുമായുള്ള ശരിയായ ബന്ധം—പ്രത്യേകിച്ചു അമ്മ, സഹോദരീസഹോദരന്മാർ എന്നിവരുമായുള്ളതു്—എന്നിവയെല്ലാം ഈ വിഷയത്തിൽ ഏററവും പ്രധാനമായവയാണ്. അനന്തരകാലത്തു നൂതനങ്ങളായ നല്ല നല്ല ആശയങ്ങൾക്കു നിദാനങ്ങളായ തോന്നലുകളുടെ സാഹായ്യത്താൽ നമുക്കു വിവിധങ്ങളായ വിഷയങ്ങൾക്കു പ്രത്യേകസ്ഥാനമായ വിദ്യാലയം നിശ്ചയമായും ക്രമേണ സ്വഭാവരൂപവൽക്കരണാഭ്യാസത്തിന്നു പരിപൂർണ്ണവുംപരിശുദ്ധവുമായ ഒരു രംഗമായിപ്പരിണമിക്കുമെന്നു തീർത്തു പറയാം.

143027
521032:N48
H9
UNIVERSITY LIBRARY
16 NOV 1948

# എന്റെ സാഹിത്യസ്മരണകൾ.

(ശ്രീ. പി. വി. കൃഷ്ണവാരിയർ.)

XI

രസികരഞ്ജിനിയുടെ 'ഉറച്ചുനില്ക്കുന്നൊരുമിത്ര'മായിട്ടാണു പത്രാധിപർ എന്നെ കരുതിയിരുന്നതു്. അതിന്നനുസരിച്ചു ചിലപ്പോൾ പുസ്തകാഭിപ്രായങ്ങളും മററു ലേഖനങ്ങളും എഴുതുവാൻ എന്നെ ഏല്പിക്കുകയും ചെയ്തിരുന്നു. ആ കൂട്ടത്തിൽ കെ. എം. എന്ന സുപ്രസിദ്ധ സാഹിത്യകാരൻ വിവേകാനന്ദസ്വാമികളുടെ 'കൎമ്മയോഗം' ഭാഷപ്പെടുത്തിയ പുസ്തകം അഭിപ്രായത്തിന്നു കിട്ടിയപ്പോൾ അതു് എനിക്കയച്ചുതരികയും, ഞാനൊരഭിപ്രായം എഴുതിയതു് രഞ്ജിനിയുടെ 1-ാം പുസ്തകം 5-ാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. അന്നെനിക്കു പുസ്തകാഭിപ്രായം എഴുതീട്ടുള്ള പരിചയം ഒട്ടുമില്ലാതിരുന്നതിനാൽ അതുമുഴുവനും നിഷ്കൃഷ്ടയോടുകൂടി വായിച്ചു ത്യാജ്യഗ്രാഹ്യവിവേചനംചെയ്തു വിവരം അറിയിക്കണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊണ്ടാണു ഞാനതയച്ചുകൊടുത്തതു്. "ലേഖനം കുറച്ചധികം ദീൎഘിച്ചുപോയിഎങ്കിലും ഒന്നും ചുരുക്കുവാൻ തോന്നിയതുമില്ല. അതുകൊണ്ടു് അതങ്ങനെ തന്നെ ചേൎക്കുന്നു" എന്നായിരുന്നു അപ്പൻതമ്പുരാന്റെ മറുപടി.

രഞ്ജിനി 1-ാംപുസ്തകത്തിൽത്തന്നെ ഒരു മംഗളവും 'ജാതിത്രയം'എന്ന ഒരു കൃതിയും ഞാനെഴുതിയിരുന്നതായി ഓൎക്കുന്നുണ്ടു്. മംഗളം ചേൎത്തിട്ടുള്ളതു് ലക്കത്തിന്റെ ആരംഭത്തിലല്ല, ഇടയ്ക്കൊരു ഭാഗത്തിന്റെ അവസാനത്തിലാണു്. ഇതാണു് ആ ശ്ലോകം—

"ഫാലത്തിങ്കൽ വിയൎപ്പണിഞ്ഞതിലകം
മാഞ്ഞൊ, ട്ടഴിഞ്ഞീടുമാ-
ച്ചേലത്തുമ്പുതടഞ്ഞു, തൻപുരികുഴൽ-
ക്കെട്ടൊന്നുലഞ്ഞങ്ങനെ
ബാലത്തിങ്കൾധരന്റെ നേരെയഴകിൽ-
പ്പന്താടിയെത്തും ഭവൽ-
ക്കോലത്തെബ്ബുധചിത്തമോഹിനി! ഭവം
നീങ്ങാൻ ഭജിക്കുന്നു ഞാൻ."

ഇവിടെയുള്ള ശിവക്ഷേത്രത്തിന്റെ ചുമരിലെഴുതിയിരിക്കുന്ന വിഷ്ണുമായയുടെ ഒരു ചിത്രം വരയ്ക്കുകയാണിതുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. ഇതേ വിഷയത്തെപ്പററി കോട്ടയത്തുതമ്പുരാൻ പണ്ടുണ്ടാക്കിയ 'സ്വൎണ്ണസന്നിഭശരീരവും' ഇത്യാദിയായ രണ്ടു പദ്യങ്ങളും, വെണ്മണിയുടെ "ഉയൎന്നീടും പൊന്മണിപ്പട്ടൊരുകരമതുകൊണ്ടുള്ളൊരാരാത്താങ്ങലോടും" എന്ന ശ്ലോകവും ഈ സമയത്തു് എന്റെ സ്മരണയിലുണ്ടായിരുന്നു.

ജാതിത്രയം.

"രാജൽത്തുല്യഗുണങ്ങളാൽ തവ സഖാ-
വായുള്ള തന്വീകരാം-
ഭോജത്തോടു പിരിഞ്ഞജാതി സുമമേ!
നിൎഭാഗ്യവാനായ നീ
വ്യാജംവിട്ടൊരതിന്റെ സംഗമസുഖം
നേടാതെ വാടിത്തള-
ൎന്നിജ്ജന്മം കളയുന്നു ഹന്ത! വിധിയാൽ
ഞാനെന്നപോലിങ്ങനെ.
കണ്ടാൽ കണ്ണിനു കൌതുകം വളരെ നീ
നൽകുന്നു, നന്നായ്നിന-
ക്കുണ്ടാമേ പുറമേപരം മൃദുത, നി-
ന്നാമോദഭ്രമോദയം,
കൊണ്ടാടിസ്സുജനങ്ങൾ നിന്നെ നിയതം
മാനിപ്പതുണ്ടീവിധം
വണ്ടാർകേശിനിയെന്നപോലെ വിലസൽ-
ക്കാന്ത്യാവിളങ്ങുന്നു നീ.
പുരുഷമനമിളക്കുന്നില്ലയോനീനിതാന്തം
തരുണികളുടെ പുത്തൻയൌവനപ്രൌഢിപോലെ
പുരുപരിമളസാരം ഭംഗിയേവം നിനക്കു-
ള്ളൊരുഗുണഗണമോൎത്താൽജാതി നീജാതിതന്നെ"

ഈ കവിതയുടെ കാരണം വായനക്കാൎക്കൂഹിക്കാവുന്നതിലധികമൊന്നും എനിക്കുപറയുവാനില്ല.

1078 മകരം മുതൽക്കു് ആ കൎക്കടകത്തിനകത്തു വള്ളത്തോളും ഞാനും തമ്മിൽ പദ്യത്തിൽ കുറെ കത്തെടപാടുകൾ നടത്തുകയുണ്ടായിട്ടുണ്ടു്. ഞങ്ങൾ തമ്മിൽ ആദ്യം പരിചയപ്പെട്ടതു് ഇവിടെവെച്ചുതന്നെയാണെന്നു തോന്നുന്നു. 1079മകരത്തിലിവിടെവെച്ചു നടന്ന ആൎയ്യവൈദ്യസമാജത്തിന്റെ പ്രധാനയോ

ഗത്തിൽ നിന്നുതന്നെ വള്ളത്തോളിനെ അതിന്റെ നിർവ്വാഹകസംഘത്തിൽ ഒരംഗമായി തിരഞ്ഞെടുത്തിരുന്നു. അതുപ്രകാരം കൂടുന്ന നിർവ്വാഹകസംഘയോഗങ്ങളിൽ വള്ളത്തോൾ മിക്കവാറും ഹാജരാവുകയും ചെയ്തിരുന്നു. സംഘാംഗങ്ങളായിരുന്ന വെള്ളാനിശ്ശേരി വാസുണ്ണിമൂസ്സത്, വള്ളത്തോൾ ഇവരുടെയും ഉപസഭാനാഥനായിരുന്ന പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാവവർകളുടെയും സൌകര്യം പ്രമാണിച്ചു തിരൂരുള്ള കിഴക്കേക്കോവിലകം വക ഊട്ടുപുരയിൽവെച്ചായിരുന്നു അക്കാലത്തു നിർവ്വാഹക സംഘയോഗങ്ങളധികവും കൂടിയിരുന്നത്. സംഘത്തിലെ മററംഗങ്ങളായ കെ. സി. മാനവിക്രമൻ രാജാ ഡി. 'സി, തിരുവിം രാമവർമ്മരാജാ ബി എ എന്നിവർക്കും, ജ്യേഷ്ഠനും എനിക്കും ഇവിടെ നിന്നു തിരൂരോളം പോകുവാനും എളുപ്പമാണല്ലോ. വള്ളത്തോൾ വൈദ്യം പഠിച്ച ആളും 'ആരോഗ്യചിന്താമണി' എന്നും അതിവിശിഷ്ടമായ ഒരു ബാലചികിത്സാഗ്രന്ഥത്തിന്റെ കർത്താവുമാണെന്നു ഒരു സമയം ഇന്നത്തെ ചെറുപ്പക്കാരിൽ പലരും ധരിച്ചിട്ടില്ലെന്നുവരാം. വള്ളത്തോളും ഞാനും ഒത്തുകൂടിയാൽ, രണ്ടാളും സാഹിത്യഭ്രമക്കാരായതുകൊണ്ട്, കവിതാവിഷയത്തെപ്പററി ചിലതൊക്കെ സംസാരിക്കാതിരിക്കാൻ നിവൃത്തിയില്ലല്ലോ. അക്കാലത്തു വള്ളത്തോൾ ധാരാളം കവിതകളെഴുതിക്കൊണ്ടിരുന്നു എങ്കിലും സജാതീയഘടിതയാക്ഷരപ്രാസത്തിൽ വലിയ നിർബ്ബന്ധം ചെയ്തിരുന്നില്ല. അതുകൂടി വേണമെന്നാണ് അന്നുതന്നെ എനിക്കുള്ള ശാഠ്യം. ഞങ്ങൾ പലതും സംസാരിച്ചു പിരിയുമ്പോൾ കൂടെക്കൂടെ ശ്ലോകത്തിൽ കത്തയക്കണമെന്നും, അതിലെന്റെ അഭിപ്രായങ്ങൾ സ്വീകരിച്ചതായി കാണാമെന്നും വള്ളത്തോൾ സദയം ഏല്ക്കുകയും ചെയ്തു.

അടുത്തമാസത്തിൽ ശിവരാത്രി കഴിഞ്ഞ ഉടനെതന്നെ വള്ളത്തോളിന്റെ സുദീർഘമായൊരു പദ്യക്കത്ത് എനിക്കുകിട്ടി. സ്വന്തം കനകനേയുള്ള അക്ഷരത്തിൽ 20 ശ്ലോകത്തിൽ കുറയാതെ ആ കത്തിലുണ്ടായിരുന്നു. ആ കത്തും അതുപോലെ വള്ളത്തോളിന്റെതന്നെ വേറെ മൂന്നുനാലു കത്തുകളും ഭദ്രമായി സൂക്ഷിച്ചിരുന്നത് എവിടെപ്പോയെന്നു നിശ്ചയമില്ല. പഴയ വള്ളത്തോൾ കവിതയുടെ ഗുണങ്ങൾ തികച്ചും ആ ശ്ലോകങ്ങളിൽ പ്രതിഫലിച്ചിരുന്നു എന്നെനിക്കുറപ്പുപറയാൻ കഴിയും.

“കേകമനാകിന ഭവാന്റെ പദ്യബന്ധ-
സങ്കേതമെങ്ങനെ ചുമക്കുമശക്തനാം ഞാൻ”

എന്ന് ആ കത്തിന്റെ ആരംഭത്തിലുണ്ടായിരുന്നതു് കവിതാനിർമ്മാണത്തിൽ ചില സങ്കേതങ്ങൾ ഞാൻ നിർദ്ദേശിച്ചതിന് എനിക്കുള്ളൊരു 'ചൊട്ടാ'ണെന്ന് ഇപ്പോഴും ഓർമ്മയുണ്ട്. ആ ശിവരാത്രിക്കു തൃപ്പറങ്ങോട്ടുക്ഷേത്രത്തിൽ പോയിരുന്ന വള്ളത്തോൾ അവിടെവെച്ചു കണ്ട പുന്നശ്ശേരി നമ്പിയെപ്പററി എഴുതിയ ഒരു പദ്യത്തിൽ ശ്ലേഷംകൊണ്ടു തൃപ്പറങ്ങോട്ടപ്പനേയും നമ്പിയേയും സാമ്യപ്പെടുത്തിയിരുന്നതു്. ഏററവും ഹൃദ്യമായിരുന്നു. അതുകൂടാതെ, ആ ശിവരാത്രിദിവസം അവിടെകണ്ട സകലവും തന്മയത്വത്തോടുകൂടി ചിത്രീകരിച്ചുകാണിക്കുകയും ചെയ്തിരുന്നു.

“ചിട്ടാട്ടം, ശിങ്കമാനക്കുഴൽവിളി, ചതുരം-
ഗങ്ങളും, ചാവ്വള്ളിമാർതൻ
പാട്ടായംപൂണ്ടതായമ്പക, വകതിരിവു-
ള്ളക്ഷരശ്ലോകപാഠം
കൂട്ടാളിക്കൂട്ടരൊത്തുള്ളൊരു സരസജന-
ത്തിന്റെ സല്ലാപഘോഷം”.

ഇങ്ങിനെ ആ കത്തിൽ വർണ്ണിച്ചിട്ടുള്ളതെല്ലാം വായിച്ചാൽ ശിവരാത്ര്യുത്സവം കണ്ടപോലെയുള്ള ഒരനുഭവമുണ്ടാകും. ഈ കത്തിന്ന് ഉടൻതന്നെ ഞാനൊരു മറുപടി ശ്ലോകരൂപേണ അയച്ചു. അതിങ്ങനെയായിരുന്നു:—

കാമച്ചെപ്പെതിർ കൊങ്കമഞ്ജരി, വള-
ന്നാമോദമോടംഗക-
ന്നോമച്ചെന്തളിർ, കേശഭൃംഗനിരയി-
ച്ചാരുസപത്രപത്തൊടും
ശ്രീമൽക്കാമവിമോഹി കല്പതരുവിൽ
ച്ചുററിപ്പടർന്നുള്ള പൊ-
ന്നോമൽ കല്പകവല്ലി കാമിതമണ-
ച്ചേണൊത്തണച്ചീടണം.
അല്ലേ സൽകവിതാംഗനാമണിയണി-
പ്പൊന്നാലികാനായക-
ക്കല്ലേ! കല്യമതേ! ഭവാന്റെകവിതാ-
പീയൂഷപാനത്തിനാൽ
ചൊല്ലേറും 'വിബുധ'ത്വമെന്നിൽവിളയാ-
ടീടുന്നതോർത്തീ നില-
ത്തല്ലെന്നിൽക്കവ, തൊന്നു മാറി നിലയി-
ന്നോരത്തു നേരാക്കിൽ മേ.

എന്നേമിട്ടക്ക! ബഹുഭംഗിയിൽ മേനികേററി-
യെന്നെബ്ഭുവാൻ മതിമറയ്ക്കുകയോ പകിട്ടാൽ?
നന്നേററമിപ്പുണ്ണി; യെനിക്കിതുകൊണ്ടു ക്രൂസ-
ലിന്നേതുമില്ലെഴുതുവൻ പതിവിൻപ്രകാരം.

തിരൂരിൽവെച്ചന്നൊട്ടപൊന്നാവണ്ണം
പ്രൗഢവാഗ്വൃത്തി വരുത്തിയേവം
ഒട്ടൂനമെന്യേശിവരാത്രിവൃത്ത-
നിരൂപണം ചെയ്തു ഭംഗിയായി.

ജാതാതങ്കം ഭഗീന്ദ്രാത്മജനയേമിര-
ന്നപ്പൊളുന്നന്തകാന്തം
വീതാശങ്കംവരുത്തിപ്പരമപദമണ്ഡ-
ച്ചുള്ളസച്ചിൽസ്വരൂപൻ
ഭൂതാധീശൻഭുജംഗാഭരണനിഹജഗ-
ദ്രക്ഷണംചെയ്തുവാഴും
ശ്വേതാരണ്യപ്രദേശം പുരഹരമഹിമ-
യ്ക്കേത്രയും ശസ്തമത്രേ
അക്കാലാരാതിമേവും മഹിതതരമഹാ-
ക്ഷേത്രമാം തൃപ്പുറത്തോ-
ട്ടെക്കാലത്തുംമഹത്താം ശിവകരശിവരാ-
ത്ര്യുത്സവം സത്സമക്ഷം
തല്ലാലംചെന്നുകണ്ടിട്ടുചിലകൃതിയായ്-
ത്താങ്കൾനിർമ്മിച്ചതെല്ലാ-
മുൾക്കാലുഷ്യത്തെനീക്കുന്നൊരു ശുഭകരമാം
മന്ത്രമെന്നെന്റെപക്ഷം.

നിരവധി'വിബുധേന്ദ്ര'പ്രീതിചേ'ർത്താഗമത്തിൻ'
മുരടഖിലഗുണാഢ്യൻ നിർമ്മലൻ 'നീലകണ്ഠൻ'
പരമവിടെ വിളങ്ങിടുമ്പൊൾ'നാരായണ'ന്നാ-
ദരഭരമൊടുകാണ്മാനെന്തുവൈഷമ്യമുണ്ടാം?

ഇനിയും കുറെ ശ്ലോകങ്ങൾ അന്നെഴുതിയിരുന്നു. അക്കാലത്താണിവിടെ വിഷ്ണുചികാബാധ കലശലായിരുന്നത്. അതിന്റെ ലഹളയെപ്പററിയും, അക്കാലത്തു വൈദ്യശാലയിൽ എനിക്കുള്ള ഭാരത്തെക്കുറിച്ചുംമററുമാണ് കുറേ ശ്ലോകങ്ങൾ. അതിന്നിടയ്ക്കു ജ്യേഷ്ഠന്റെ പ്രധാനഗുരുഭൂതനായ കുട്ടഞ്ചേരി അപ്പൻ മൂസ്സിന്റെ മാസത്തിന്നു ജ്യേഷ്ഠനുപോകാൻ നിവൃത്തിയില്ലായ്കയാൽ പകരം എന്നെ അയക്കുകയും, ഞാൻ അവിടേയും, ആ വഴിക്കു നെല്ലുവായിലും മററും പോയി മടങ്ങിവരുവാൻ അഞ്ചാറുദിവസം താമസിക്കുകയും ചെയ്തതും ശ്ലോകത്തിലെഴുതീട്ടുണ്ട്. അതൊക്കെ വിട്ട് കത്തിലെ ഒടുവിലത്തെ ശ്ലോകംകൂടി താഴെ ചേൎക്കുന്നു.

കുത്തിക്കുറിച്ചിതുവിടുന്നു, ഭവാന്റെപദ്യ-
സംഘത്തിൽച്ചൊതിച്ചിനിയ, മായതയച്ചുകിട്ടാൻ;
എത്തിപ്പുളച്ചുകവിതാനടിലീലയോട
തത്തിക്കളിച്ചിടുമൊരുത്തമരംഗമൂൎത്തേ!

വാസ്തവത്തിൽ വള്ളത്തോളയച്ചകത്തിലെ ശ്ലോകങ്ങൾ എന്റെ പദ്യങ്ങളേക്കാൾ വളരെ അധികം നന്നായിരുന്നു. എന്നാലും എന്റെ കവിതയെയും കണക്കിലേറെ ശ്ലാഘിച്ചിരുന്നതുമാത്രമാണ് അതിലൊരു ദോഷം. അതിന്നനുസരിച്ചാണു ഞാൻ മറുപടി എഴുതിയതെന്നു വ്യക്തമായല്ലോ.

ഇതിന്നു വള്ളത്തോൾ മറുപടിഅയച്ചതു സ്വന്തം ചില ആളുകളോടുകൂടി രാമേശ്വരത്തുപോയിവന്നശേഷമായിരുന്നു. ശ്രീരംഗം, മധുര, രാമേശ്വരം മുതലായ മഹാക്ഷേത്രങ്ങളുടെ മഹാത്മ്യത്തെയും, അവിടങ്ങളിൽ കണ്ട പലകാഴ്ചകളെയും വിശദമായി വൎണ്ണിക്കുന്ന അനേകം പദ്യങ്ങളെക്കൊണ്ടു നിറച്ചതായിരുന്നു ആ കത്ത്. ആ വകയിൽ ഒരൊററ ശ്ലോകംപോലും ഇതിലുദ്ധരിക്കുവാൻ നിവൃത്തിയില്ലാതാക്കിയ എന്റെ ധാരണാബുദ്ധിയെ ശപിക്കുകമാത്രമേ ശരണമുള്ളു. "മധുരകാണാത്തവൻ മാട്ടുതന്നെ" എന്നും മററുമുള്ള പ്രയോഗങ്ങൾ അതിലുണ്ടായിരുന്നതാണ്. വിഷു 1-ാംനു- കിട്ടിയ ഈ കത്തിനെപ്പററി എനിക്കുണ്ടായ അഭിപ്രായം മറുപടികൊണ്ടുകഴിയുന്നതും സ്പഷ്ടമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇതായിരുന്നു എന്റെ മറുപടി:—

ഉരുതരവിഷമാസ്ത്രവ്യാധിമൂത്താധിയേററു-
ള്ളൊരുതരുണകലേശാപീഡനാപ്പീഡനീക്കാൻ
പെരുതധരരസത്തിൻസൽപ്രയോഗാൽചികിത്സി-
ച്ചുരുളുമരിയ കുന്നിൻ പെണ്ണിടക്കണ്ണിടക്കണ്ണിടട്ടെ!

നന്നായിന്നുഭവൽക്കത്തു- വന്നാ'ക്കൈക്കനട്ട'മാകയാൽ
ഒന്നാംതിയ്യതിയാകൊല്ല- മൊന്നാന്തരമതായിമേ.

മണിപ്രവാളോജ്ജ്വലപദ്യമാലാ-
വണിക്പ്രഭോ! തൽകൃതിരത്നലാഭാൽ
പണിപ്പെടാതിക്കുറിയാക്കിലെന്റെ
കണിപ്ഫലംമേത്താമെന്നുവന്നു.

സ്വൈരംഭാഗ്യനിധേ! ഭവാൻസ്വജനസം-
ഘത്തോടുമൊത്തിയ്യിടെ-
പ്പാരംഭാവുകമേകിടും പലമഹാ-
പുണ്യപ്രദേശങ്ങളിൽ

താരമ്പാരിക്കു പാമ്പലാലൊരുതര-
ക്കേട്ടംവരാതൊന്നുസം-
ചാരംപാവനചരിത്ര! ചെയ്തുകഥകേ-
ട്ടാനന്ദമരുന്നുമേ.
'ശ്രീരംഗ'ശ്രീമണവാളൻ തിരുവടിയുടെ നൽ
സന്നിധാനം നിമിത്തം
ശ്രീരംഗംതന്നെയെന്നും, 'മധുർ'മധുരതാ-
ന്തെന്നുമങ്ങനന്താരം
സാരംകൊണ്ടൊന്നുവർണ്ണിച്ചതിലൊരു കവിവീ-
രന്നുപയോജിച്ചവാണീ-
സാരസ്യം സൂക്തിധാരാധര സുഖമുളവാ-
ക്കാത്തതാക്കാണിമാനി.
മറ്റോലും പലവർണ്ണമന്തിയ പട-
ച്ഛായജാലം വേണ്ടുന്നതിൻ-
മറ്റോടും മതിതൂലികാഗ്രമതിനാൽ-
പത്രാന്തരത്തിൽഭവാൻ
ഇഷ്ടോരോ സ്ഥലചിത്ര ചിത്രമിഴിവായ്-
ക്കാണിച്ചതോർത്താലിനി-
ഫോട്ടോഗ്രാഫ്രെടുത്തിടും പണിവൃഥാ-
താണെന്നുതോന്നീടുമേ.
മതിഫലകമതിങ്കൽ കൺകുഴൽക്കുള്ളിലൂടെ
പ്രതിഫലിതമനേകം കാഴ്ചയത്താഴ്ചയെന്യേ
കൃതികളിലിതുമട്ടായ് നേർപകർപ്പെടുക്കാൻ
മതിരുകിലിനിവേറെ ചിത്രമാക്കിന്നുവേണം?
പാരാതാലവണാബ്ധിതന്റെ ചിറയി-
ല്പീശേഷാംസംസാരമാം
പാരാവാരമുടൻ കടപ്പതിനെഴു-
ന്നാശസ്സതുവരത്ര സഖേ!
പേരാളും പ്രിയരൊത്തു താങ്കളധുനാ
ദർശിച്ചതങ്ങേക്കിനി-
ഭാരാളംസുഖമുള്ള മോക്ഷവഴിയിൽ
ക്കൂടാനതുടാകുമേ.
'നാട്ടുപ്പാമിന'ത്തിന്റെ നാട്ടിലുള്ള
പടർപ്പുകസ്ഥിച്ചു നിലച്ചുപക്ഷേ
ചടപ്പുതീരാത്തവരുണ്ടുതിരെ-
ക്കിടപ്പു മാററാതിനയും ചിലേടം.
മമാഗ്രജൻ വൈദ്യകലാവിലാസിനി-
യ്ക്കുമായമാമോദമണച്ചുനാരതം
അമാന്തമേന്യാതവം തന്റെ സേവന-
ശ്രമാൽ കഴിക്കുന്നിതുകാലമാകവേ.
ശരിയായിനിയാ'ധന്വ-ന്തരി'യാംവൈദ്യമാസിക
പെരികെത്താമസംക്രാന്താ-തരികത്തെത്തുമേ തവ:
മാനിക്കപ്പെട്ടമായുർവൈദ്യകസമു-
ദ്ധാരക്രിയയ്ക്കുദ്യമി-
ച്ചാനിർവ്വാഹകസംഘമീയിടവമാ-
സാദ്യത്തിലുദ്യദ്രസം
ശ്രീനിത്യാസ്പദമാനവിക്രമമഹീ-
പാലാലയേക്കൂടുവാൻ
താനിക്കാലമുറച്ചതിന്നുടനെ ഞാൻ
നോട്ടീസ്സുവിട്ടീടുമേ.
എന്നാലന്നവടത്തിൽവെച്ചയി! സഖേ!
കാണാംനമുക്കപ്പൊളെ-
ന്തെന്നാലും കവെളിക്കുവാൻ കരുതിയാ-
ലൊക്കില്ല, നോക്കിങ്ങനെ
നന്നായ്ത്തക്കമടുത്തു കാണുമതിനിട-
യ്ക്കുണ്ടാസ്സുരുമ്പോൾ, മടി-
ക്കുന്നാമാതിരി മാന്യശീല! മമതാ-
നീതിയ്ക്കുയോജിക്കുമോ?
കുക്കുടക്രോധനഗരം-പുക്കുടൻ കാണുമെങ്കിലും
ഇക്കുറിപ്പിന്നു മറുക-ത്തിക്കുറി ക്ഷണമേകണം-.
വിശേഷമിനിയൊന്നുമില്ലിവിടെ വിസ്തരിച്ചോതുവാ
നശേഷസുഖമാണയേ! സുകവിതാനടീരംഗമേ!
കൃശതരമതേ! ഭവന്നിലയനത്തിലെല്ലാർക്കുമാ-
കുശേശയവിലോചനൻ കുശലമേകിടുന്നില്ലയോ?.

വള്ളത്തോൾ എന്തൊക്കെയാണെനിക്കെഴുതിയിരുന്നതെന്ന് എന്റെ മേൽകാണിച്ച മറുപടികൊണ്ടു മനസ്സിലാക്കാമല്ലോ. കത്തെഴുതുന്നതു പദ്യത്തിലാകണമെന്നും, തോന്നുന്നതെല്ലാം തട്ടിവിടണമെന്നുമല്ലാതെ യഥാർത്ഥകവിതയാകണമെന്ന് ഇതിലൊന്നിലും ഉദ്ദേശിച്ചിട്ടില്ലായിരുന്നു. ഇതിന്നും വള്ളത്തോൾ ശ്ലോകത്തിൽതന്നെ മറുപടിതന്നിരുന്നു എന്നും, ആര്യവൈദ്യസമാജത്തിന്റെ അടുത്ത വാർഷികയോഗം കോഴിക്കോട്ട വിദ്വാൻ മാനവിക്രമഏട്ടൻതമ്പുരാൻ തിരുമനസ്സിലെ കോവിലകത്തുവെച്ചു കൂടുന്നതിനെപ്പററി ആലോചിക്കുവാനുള്ള നിർവ്വാഹകസംഘം കൂടിയപ്പോൾ വള്ളത്തോളുമായി കാണ്മാനിടവന്നു എന്നും ഞാൻ ഓർക്കുന്നു.

# സമരശേഷം.

(കവിതിലകൻ, ശ്രീ. വടക്കുംകൂർ രാജരാജവർമ്മരാജാ.)

III

1. ജവമോടിയ മർത്ത്യനൊപ്പമോടി-
ച്ചവനം ക്ഷീണമുദിക്കുമെന്നപോൽപോൽ
അവനീശർ ജയിച്ചുകൂട്ടരും വൻ
വിവശത്വത്തെ വഹിച്ചു പോർനിമിത്തം.

2. അരിരാക്ഷസപംക്തിയോടു പോരിൽ
സ്ഫുരിതം രാഘവലീല കാട്ടിയുള്ളോൻ
പെരിയോനഭിമന്യുവിന്റെ വൃത്തം
പൊരിയും ബാഷ്പമൊടോർത്തു പാണ്ഡവന്മാർ.

3. പ്രിയനന്ദനനെയോർത്തു കുങ്കുമാഭാ-
ചയസൈന്യാർദ്രമകന്ന മാറിടത്തെ
അയതാശ്രുജലാൽ നനച്ചു ധൈര്യ-
ക്ഷയമോടുത്തരയിത്തരം തപിച്ചാൾ.

4. "സുവരാശി ലഭിച്ചു പോരിനായി-
ജ്ജവമുദ്യോഗമിയന്നു പോയനേരം
വിവശത്വമിയന്നൊരെന്നൊടായ്മ-
ദ്ധവനന്നോതിയ വാക്കു ഞാൻ നിനച്ചു.

5. 'വിരുതാളിട്ടുമെന്റെ വൈഭവം നീ
പുരുതീക്ഷ്ണം പലതവ്വു കണ്ടിരിപ്പൂ.
ഉരുകിട്ടവതെന്തിനല്ല, ഞാനീ-
യൊരുയുദ്ധത്തിനൊരുങ്ങിടുമ്പോൾ മാത്രം.

6. സുതനല്ല സുഭദ്രയാൾക്കു ഞാനെൻ
സുതനോ! പുത്രനുമല്ല പാർത്ഥനും മേൽ
ഹതർ വൈരികളെത്തകർത്തു തന്മെ-
ക്ഷതജത്തിൽ ക്ഷിതിമുക്കിടാതെ പോന്നാൽ.

7. ഭൃശമെത്തൊരു വൈരിസിംഹവും കൈ
വശമായാൽ മശകത്തിനൊപ്പമാം മേ
കൃശഗാത്രി! വിഷാദമാകെ മാററി-
പ്രശമസ്വാന്തമിയന്നു മേവിയാലും!

8. പരമേശ്വരനും കടുത്ത കയ്യാൽ
കരളിൽ ക്ലാന്തി വളർത്തവന്റെ പുത്രൻ
സുരനായകപൌത്രനാമൊരെന്നെ-
പ്പുരമെമ്മട്ടിഹ തോലി തീണ്ടുമോർക്കൂ!

9. നരസാമമബാഹുമണ്ഡലോദ്യ-
ച്ഛരസാടോപനിപാതമേറ്റശോകാൽ
വിരസാവഹരായ് വിപക്ഷർ വീണാ-
സ്സുരസാമ്രാജ്യമണഞ്ഞുതിക്കൂട്ടും.

10. അറിയാമിഹ ഭീഷ്മരെ, പ്രതാപം
പൊരിയും ദ്രോണനെയും കൃപാദ്യരെയും;
പെരിയോരവർ ശങ്കയില്ല, പാർക്കു
ഹരിപൌത്രൻ ഹരിതുല്യവിക്രമൻ ഞാൻ.

11. തലയിൽ കാന്താരണങ്ങളാർഷ
കുലനായ്ത്താൻ വലിയച്ഛനഗ്രജൻ കി-
നവമോടു ജയാശിയെന്നതാൽ
വിലതീരാധനമാം പരത്തിലും മേ.

12. കരയൊല്ല, തവാശ്രുകാങ്കിലന്തഃ-
കരണം വിസ്മയവിഭ്രമം മദീയം
മൃദുഹാസമനോഹരം ത്വദാസ്യം
സരസം കണ്ടു ഗമിച്ചിടട്ടെയിഞ്ഞാൻ.

13. നലമാട്ടമെത്തിൽ മേവുമസ്മൽ-
കുലസന്താനതരുക്കളിന്നിപ്പൊട്ടും
ഉലവകരത്തോക്കവെന്നു കലാശ
നിലനിൽക്കുന്നതു പൌരവാന്വയം മേൽ.

14. പതിനാറു വയസ്സുവന്നതന്നിൽ-
പ്പതിയും മന്മൃദുഭുജപ്രതാപവായ്പാൽ
ക്ഷിതിയിൽ സ്ഥിതകീർത്തി ചേർക്കുവൻ മൽ-
പ്പതി, വിശ്വാധിപയോഗ്യഭാഗിനേയൻ.

15. അവനിസ്ഥിതി വന്ന ഭേദമെന്നായ്
ലവവും ഹൃത്തിൽ നിനച്ചിരുന്നതില്ല;
ധവനോടു പിരിഞ്ഞിരുന്നിടാം മേ
നവമാം ജീവിതമൊന്നാകവേയും."

16. വിരുതാളിനു കണ്ണനസ്സശോകം
നിരുപിച്ചശ്രുവിൽ മുങ്ങിനിന്നു കുന്തി;
പുരുദുഷ്ടർ തനുജരോടുമിഷ്ടം
കരുതുന്നാരധികം ജനിത്രിമാരും.

17. സഹജൻ സുതരെന്നിവർക്കു വൻ ദു-
സ്സഹമാപത്തു പിണഞ്ഞതോർത്തു നിത്യം
വിഹതാശയയായ് സ്വവക്ത്രപാഥോ-
രുഹവൈവർണ്ണ്യമിയന്നു പാർത്ഥപത്നി.

18. സുതമൃത്യു വരിച്ചു ശോകശല്യ-
ക്ഷതജയാതനപൂണ്ട ചിത്തമോടേ
വിതതോഗ്രവിമോഹമഗ്നയായി-
സ്സതതം പാണ്ഡവപത്നി നാൾ കഴിച്ചാൾ.

# ഇന്ത്യാചരിത്രപഠനം.

(ശ്രീമതി പോട്ടയിൽ കമലാദേവി, ബി. എ.)

II

ആൎയ്യന്മാരുടെ ആക്രമണത്തിനും കുടിയേറിപ്പാൎപ്പിനും മുമ്പുതന്നെ പുരാതനനിവാസികൾ വളരെ നാഗരികതയുള്ളവരായിരുന്നുവെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. വളരെകാലംമുമ്പുതന്നെ അവർ വളരെ പരിഷ്കരിക്കപ്പെട്ടിരുന്നെന്നുംസ്വൎണ്ണം,വെള്ളി,ചെമ്പ് ഇരുമ്പ് എന്നി ലോഹങ്ങൾകൊണ്ട് പാത്രങ്ങളും, ആഭരണങ്ങളുംഎല്ലാം ഉണ്ടാക്കിയിരുന്നുവെന്നും, ഇയ്യിടെ സിന്ധുതാഴ്വരയിൽ (Indus valley civilisation) ഗവേഷണം നടത്തിയപ്പോൾകണ്ടിരിക്കുന്നു. മോഹൻജോദൊരൊ, ഹാരപ്പ എന്നിസ്ഥലങ്ങളിൽ ഗവേഷണം നടത്തിയപ്പോൾഅവിടെചില അവശിഷ്ടങ്ങളുംകാണപ്പെട്ടിട്ടുണ്ട്. ആ കാലത്തുതന്നെ അവർ സിമൻറ് (ഇഷ്ടിക)കൊണ്ടുണ്ടാക്കിയഭവനങ്ങളിൽതാമസിച്ചിരുന്നെന്നും, കൃഷി, നൂൽനൂൽപ്പ്, കച്ചവടം എന്നിവ്യവസായങ്ങളിൽ പരിചയമുള്ളവരായിരുന്നെന്നും തെളിയുന്നുണ്ട്. ഇങ്ങിനെ 3500—2500 B. C മുതല്ക്കുതന്നെനമ്മുടെസംസ്കാരം മുന്നണിയിലായിരുന്നുവെന്ന് മനസ്സിലാകുന്നു.

ആൎയ്യന്മാരുടെ താമസം തുടങ്ങിയശേഷം കുറച്ചുംകൂടി സംസ്കരിക്കപ്പെട്ട ഭാരതം പലതരത്തിലും പുരോഗതിയെപ്രാപിച്ചു. രാജ്യഭരണം അന്നു വളരെ പരിഷ്കരിച്ച രീതിയിൽ നടന്നുവന്നു. രാജാവിന്നു അധികം അധികാരം നല്കിയിരുന്നുവെങ്കിലും പ്രജകൾക്കും ഭരണത്തിൽ ഒരുവിധം അധികാരമുണ്ടായിരുന്നതായി അക്കാലത്തു നടന്നിരുന്ന സഭകളിൽനിന്നും പഞ്ചായത്തു് ഭരണത്തിൽനിന്നും തെളിയുന്നുണ്ട്. രാജാവിനെ സഹായിക്കുവാൻ അനവധിമന്ത്രിമാരും ഓരോ വിഭാഗത്തിലേക്കും പ്രത്യേകം ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. മൌൎയ്യന്മാരുടെ ഭരണവും അതിനെ തുടൎന്നുണ്ടായ മററു പല കോയ്മകളുടെ ഭരണവും ഈ പുരാതനഭരണതന്ത്രങ്ങളെ അടിസ്ഥാനമാക്കി. ഹിന്തുക്കൾ വളരെ പുരാതനകാലംമുതല്ക്കുതന്നെ ഭരണതന്ത്രജ്ഞന്മാരും സംസ്കാരമുള്ളവരും ആണെന്നു മൌൎയ്യഭരണത്തിൻ കീഴിൽനിന്നു മനസ്സിലാകുന്നുണ്ട്. അക്ബരുടെ കാലത്തെ സൎക്കാരുദ്യോഗസ്ഥന്മാരും ആൎയ്യന്മാരുടെ ഭരണസമ്പ്രദായങ്ങളെ ആശ്രയിച്ചിരുന്നു. ചുരുക്കിപ്പറയുന്നതായാൽ, ഇംഗ്ലീഷുകാരുടെ ഭരണകൂടം നമ്മുടെ ഭരണസമ്പ്രദായങ്ങളെ അനുകരിച്ചുണ്ടാക്കിയതാണെന്നു പറയാം.

ഭരണത്തിൽമാത്രമല്ല, ആയുധവിദ്യയിലും നമ്മുടെ പൂൎവ്വികന്മാർ ഒരിക്കലും പിന്നണിയിലായിരുന്നില്ല. ക്ഷത്രിയയോദ്ധാക്കളായ രാമലക്ഷ്മണന്മാരുടേയും വില്ലാളിവീരന്മാരായ അൎജ്ജുനൻ, കൎണ്ണൻ മുതലായവരുടെയും ധീരകൃത്യങ്ങളെ രാമായണം, ഭാരതം എന്നി പുരാണങ്ങൾ പാടിപ്പുകഴ്ത്തുന്നുണ്ട്. സൈന്യത്തിനെ അവർ പല തരങ്ങളായി ഭാഗിച്ചിരുന്നു. അക്ഷൌഹിണിസൈന്യം ഇതിന്നുദാഹരണമാണ്. ഒരു ഹിന്ദുവിൻെറ ഏററവും വലിയ അഭിമാനം അയാളുടെ യുദ്ധപാണ്ഡിത്യമായിരുന്നു. ക്ഷത്രിയന്മാരുടെ ബാല്യകാലത്തിൽതന്നെ അവർ ആയുധവിദ്യയിൽ നിപുണന്മാരാക്കപ്പെട്ടിരുന്നു. കൌരവപാണ്ഡവന്മാരെ ദ്രോണർ അയോവിദ്യയിൽ നിപുണന്മാരാക്കിതീൎത്തുവെന്ന് മഹാഭാതത്തിൽ പറയുന്നുണ്ട്. യുദ്ധത്തിൽ വീരസ്വൎഗ്ഗം പ്രാപിക്കുന്നതിന് അവർ ഒരു മാന്യസ്ഥാനം കൊടുത്തിരുന്നു. ശത്രുവിനോടു നേരിട്ടു പൊരുതുകയല്ലാതെ ചതിചെയ്തു നശിപ്പിക്കുന്നരീതി അവൎക്കു അറിഞ്ഞുകൂടായിരുന്നു. അതുപോലെതന്നെ പ്രാണരക്ഷക്കുവേണ്ടി യുദ്ധക്കളത്തിൽനിന്ന് ഓടിപ്പോകുന്നതു് വളരെ പോരായ്മയായ് കരുതിവന്നു. ഒന്നുകിൽ ജയം അല്ലെങ്കിൽ മൃതി എന്നായിരുന്നു അവരുടെ തീരുമാനം. സൈന്യത്തെ പലഭാഗങ്ങളായ് (മദ്ധ്യം, മന്നം, ചേരി, മുഖ്യം [Centre, plank, wings, Reserve] എന്നിങ്ങനെ വിഭാഗിച്ചിരുന്നു. അതിരഥികളും മഹാരഥികളും വളരെ ഉണ്ടായിരുന്നു. യുദ്ധത്തിൽ പല്ലക്കുകളും, ആനകളും, രാജാക്കന്മാരും വലിയ യോദ്ധാക്കളും ഉപയോഗിച്ചിരുന്നു. അയോധനവിദ്യയിൽ അന്നു സ്ത്രീകളും അതിസമൎത്ഥകളായിരുന്നു. സാരഥ്യകൎമ്മത്തിൽ സുഭദ്ര മുതലായവർ വളരെ പ്രവീണകളാണെന്നു മഹാഭാരതത്തിൽനിന്നു കാണുന്നുണ്ട്.

ഇനി ഹിന്തുക്കൾക്ക് വെടിമരുന്നു പ്രയോഗം അറിഞ്ഞിരുന്നുവോ എന്നു അറിയേണ്ടിയിരിക്കുന്നു. ഹെൻറിഇലിയററും, പ്രൊഫസർവിൽസണും പുരാതനഹിന്തുക്കൾക്ക് ഈ പ്രയോഗം അറിഞ്ഞിരുന്നെന്ന് സിദ്ധാന്തിക്കുന്നുണ്ട്. ഈ പ്രശ്നം ഇപ്പോഴും വാദത്തിൽതന്നെയാണ് കിടക്കുന്നതു്.

സാഹിത്യത്തിൽ ഹിന്ദുക്കൾ അപാരപാണ്ഡിത്യം നേടിയിരുന്നു എന്ന് ആര്യസംസ്കാരം മുതല്ക്കുതന്നെ കാണുന്നുണ്ട്. വേദങ്ങളും ഉപനിഷത്തുക്കളും അതിനു സാക്ഷ്യം വഹിക്കുന്നുമുണ്ട്. ഇന്നുലോകമൊട്ടുക്കു വിഖ്യാതിനേടിയിരിക്കുന്ന ഭഗവത്ഗീതയുടെ ജന്മഭൂമി ആര്യാവർത്തമാണല്ലോ. രാമായണകർത്താവായ വാല്മീകി, വേദംപകുത്തെടുത്ത് ഭാഗവതം നിർമ്മിച്ച വ്യാസൻ, പാണിനീയസൂത്രം എഴുതിയ വൈയാകരണന്മാരിലഗ്രഗണ്യനായ പാണിനി, സുശ്രുതസംഹിതത്തിന്റെ കർത്താവായ വൈദ്യശാസ്ത്രവിദഗ്ദ്ധൻ സുശ്രുതൻ, വിക്രമാദിത്യസദസ്സിലെ വൈഡൂര്യമായി ശോഭിച്ചിരുന്നകാളിദാസൻ എന്നിവർ ഭാരതാംബയുടെ സന്താനങ്ങളായിരുന്നുവല്ലോ. മററുപല പുരാണങ്ങളും ധർമ്മശാസ്ത്രങ്ങളും അന്നത്തെ സാഹിത്യാഭിവൃദ്ധിയെ പ്രസ്പഷ്ടമാക്കുന്നുണ്ട്. കാളിദാസന്റെ കുമാരസംഭവം, മാളവികാഗ്നിമാത്രം, ശ്രീഹർഷന്റെ നൈഷധം, ബാണന്റെ കാദംബരി, എന്നിവ ഇന്നുംസംസ്കൃതസാഹിത്യലോകത്തിലെ അമൂല്യരത്നങ്ങളായ് വിലസുന്നുണ്ട്.

വൈദ്യശാസ്ത്രത്തിലും തങ്ങൾ ഹിന്ദുക്കളെ ആണ് ആശ്രയിച്ചത് എന്ന് അറബികൾ സമ്മതിക്കുന്നുണ്ട്. ധന്വന്തരി വിക്രമാദിത്യസദസ്സിലെ ഒരംഗമായിരുന്നല്ലോ. അറബികൾക്ക് ഹിന്ദുവൈദ്യശാസ്ത്രജ്ഞന്മാരെ വലിയ ബഹുമാനമായിരുന്നെന്ന് സാലെ, മാനക എന്നീ വൈദ്യശാസ്ത്രജ്ഞന്മാരെ ഹരുൻഅൽറസീദിന്റെ രാജധാനിയിൽ താമസിപ്പിച്ചിരുന്നു എന്നതിൽനിന്ന് ദൃഷ്ടാന്തമാണ്. ശസ്ത്രക്രിയ കൂടാതെതന്നെ അവർ പലപച്ചമരുന്നുകൾകൊണ്ടും കഠിനരോഗങ്ങൾ ഭേദമാക്കിവന്നു.

പ്രാചീനകാലംമുതല്ക്കുതന്നെ ഭാരതീയർ കലകളിലും ശാസ്ത്രങ്ങളിലും അത്ഭുതാവഹമായ സാമർത്ഥ്യം സിദ്ധിച്ചവരായിരുന്നുവെന്ന് ഇങ്ങിനെ പ്രാചീനഭാരതചരിത്രം തെളിയിക്കുന്നു. ഇനി ഇതുവരെ പറഞ്ഞ എല്ലാററിലുംവെച്ചുപരിയായ് ഭാരതം അന്നും ഇന്നും ഒരുപോലെ വിലസുന്നുണ്ട്. എന്താണത്? ശാശ്വതവും സുന്ദരവും പ്രശാന്തവുമായ ആത്മീയബോധത്തിലാണ് വിശ്വപാവനമായ ആർഷഭാരതസംസ്കാരത്തിന്റെ മാധുര്യം സ്ഥിതിചെയ്യുന്നത്. ഈ ഒരൊററചൈതന്യം അഥവാ അനശ്വരകീർത്തിമാത്രമാണ് ഇന്ത്യയെ ഇതരശക്തികളിൽനിന്ന് ഉപരിയായ് പ്രശോഭിപ്പിച്ചിരുന്നതും. അഹിംസാതത്വത്തിൽകൂടി ജീവിതം നയിക്കുവാൻ സ്നേഹപൂർണ്ണവും ത്യാഗസുന്ദരവും ആയ ഒരു ആത്മാവിനെ കാണിച്ചുതന്ന ഗൌതമബുദ്ധൻ, പ്രജാവത്സലനും ധർമ്മനിരതനും ആയ അശോകൻ, സ്നേഹത്തിൽകൂടി ജീവിതം നയിച്ചു, അഹിംസാസിദ്ധാന്തത്തെമാത്രം അവലംബിച്ച് സ്വരാജ്യത്തിനും ജനങ്ങൾക്കും വേണ്ടിമാത്രം ജീവിച്ച്, ദിവംഗതനായ മഹാത്മജി എന്നിവരുടെ നാമശ്രവണത്താൽ നാം ആനന്ദാതിരേകത്താൽ കോൾമയിർക്കൊള്ളുന്നില്ലേ? ത്യാഗമാണ് നമ്മുടെ ലക്ഷ്യം, സത്യമാണ് നമ്മുടെ ധർമ്മം. സംസാരദുഃഖരോഗത്തിനുള്ള സിദ്ധൌഷധം കണ്ടുപിടിക്കുവാനായി സാമ്രാജ്യച്ചെങ്കോലു വലിച്ചെറിഞ്ഞു ഐഹികസുഖങ്ങൾ സകലതും ത്യജിച്ച് മതതത്വങ്ങൾപ്രസംഗിച്ചുനടന്നിരുന്ന ബുദ്ധന്റെയും മഹാവീരന്റെയും അവിച്ഛിന്നകീർത്തി എവിടെയാണ് വ്യാപിക്കാത്തത്? യൂറോപ്പിൽ ക്രിസ്തുവിനെപ്പോലെതന്നെ ഭാരതത്തിന് അനശ്വരകീർത്തി സംഭാവനചെയ്ത ബുദ്ധമഹാദേവന്റെ നാമം എന്നുംകെടാവിളക്കായിശോഭിക്കും. അദ്ദേഹത്തിന്റെ പാവനതത്വങ്ങൾ ഗ്രഹിക്കുവാൻവേണ്ടി മാത്രമാണല്ലോ, ഹ്യൂൻസാങ്ങ്, ഫാഹിയൻ എന്നിവർ ഇന്ത്യ സന്ദർശിച്ചത്. ശാന്തിയും സത്യവും ഉപരിയായ് ശോഭിക്കുന്ന ആര്യാവർത്തത്തിൽ വ്യാജത്തിനു സ്ഥാനമില്ല. അലക്സാണ്ടരുടെ ഇന്ത്യൻആക്രമണത്തിനെ പററി പറയുമ്പോൾ പ്രസിദ്ധചരിത്രകാരനായ (മെഗസ്തനീസ്)ഇങ്ങിനെ പറയുന്നു. "ഒരു ഭാരതീയനും കളവുപറയുന്നതിൽ പരിചയമില്ല." ഹ്യൂൻസാങ്ങും ഇങ്ങിനെ പറയുന്നു. "ഭാരതീയർ ബാക്കിഎല്ലാററിലും സ്ഥിരമില്ലാത്തവരും വാക്കുമാറുന്നവരും ആണെങ്കിലും അവർക്കു കളവെന്നത് അറിഞ്ഞുകൂടായിരുന്നു" വിദേശീയരുടെ ഈ സ്തുത്യർഹമായ അഭിപ്രായം നമുക്കു അഭിനന്ദനീയംതന്നെയാണെന്നുള്ളതിനു തർക്കമില്ല. നമ്മുടെ പുരാണങ്ങളിൽതന്നെ അനവധി അങ്ങിനത്തെ ധർമ്മകേസരികളെക്കുറിച്ചുപ്രതിപാദിച്ചിട്ടുണ്ടല്ലോ. ഭീഷ്മർ, യുധിഷ്ഠിരൻ, വിദുരർ ഇവർ എന്നും ശ്ലാഘനീയന്മാരാണ്. സകലശാസ്ത്രങ്ങളും പുരാണങ്ങളും സത്യത്തിനെയും ആത്മാഭിമാനത്തെയും വിലമതിക്കുന്നു.

ഇനി മാതൃഭൂമിയുടെ ചരിത്രപഠനംകൊണ്ടുള്ള ആവശ്യമെന്താണെന്നും കൂടി ഒന്നു പരിശോധിക്കാം. അനവധികാലത്തെ വിദേശഭരണത്താൽ നാം നമ്മുടെ പൌരാണികതേജസ്സിനെ നഷ്ടപ്പെടുത്തിക്കളഞ്ഞു. അതുകൊണ്ടു് ഇന്ന് നിസ്വാർത്ഥചിന്തകന്മാരും, തേജോരൂപികളുമായ ആ പുണ്യപുരുഷന്മാരുടെ നാമോച്ചാരണത്തിനുപോലും യോഗ്യതയില്ലാത്തവരായ് തീർന്നിരിക്കുന്നു. അവരുടെ പന്ഥാവിൽകൂടി ജീവിതംനയിച്ചു് അവരുടെ ത്യാഗസുന്ദരങ്ങളായ ആത്മീയതത്വങ്ങളൊന്നുംകൂടി സ്ഥാപിച്ചു ഭാരതാംബയുടെ സമഗ്രയശസ്സിനെകറയററതാക്കിത്തീർക്കേണ്ടതായ കടമ നമ്മുടേതാണ്. ചരിത്രപഠനം ഏതു രാജ്യത്തിന്റേതായാലും വളരെ രസകരമായതാണ്, പ്രത്യേകിച്ചു് അവനവന്റെ രാജ്യത്തിന്റെ കുറച്ചുംകൂടി ആനന്ദാനുഭൂതിയുണ്ടാക്കുന്നതാണ്. മറഞ്ഞുകിടന്നിരുന്ന പലതും മനസ്സിലാക്കുവാനും കാലഗതിയടഞ്ഞ വീരസന്താനങ്ങളുടെ ചരിതങ്ങൾ ഗ്രഹിക്കുവാനും ഇതുപോലെ വേറൊന്നിനു സാദ്ധ്യമല്ല. ദേശീയബോധം ഉണർത്തുവാനും ജാജ്വല്യമായ ഒരു ജീവിതംനയിക്കുവാനും പൂർവ്വചരിത്രം സഹായിക്കുന്നു. സ്വരാജ്യത്തിനുവേണ്ടി ധീരധീരംപൊരുതി തങ്ങളുടെ ചുടുരക്തം മാതൃഭൂമിക്കു സമർപ്പിച്ച അനവധി ദേശഭക്തന്മാർ നമ്മുടെ ഇടയിൽ ഉണ്ടായിരുന്നു. അവരിലും ഉപരിയായ് സത്യത്തിന്റെയും, അഹിംസയുടെയും അവതാരമായ് മഹാത്മജി ശോഭിച്ചു. ഇങ്ങിനെയുള്ള കർമ്മയോഗികൾ മാതൃഭൂമിയുടെ ജീവിതം ആദർശസുന്ദരമാക്കിത്തീർത്തു. ആ കർമ്മത്തിൽതന്നെ ബദ്ധപരികരരായിത്തീരുവാൻ പ്രാചീനചരിത്രപഠനം നമ്മളെ സഹായിക്കട്ടെ.

ദശാംശരീതിയുടെ ജന്മസ്ഥലവും ഭാരതം തന്നെയാണ്. പുരാതനഹിന്ദുക്കൾ ജ്യോതിശ്ശാസ്ത്രം, ക്ഷേത്രഗണിതം എന്നിവയിലും അപാരപാണ്ഡിത്യം നേടിയിരുന്നു. യൂറോപ്പിൽ 16-ാം നൂററാണ്ടുവരെ ഇവയൊന്നും തീരെ ഉണ്ടായിരുന്നില്ല. ബീജഗണിതത്തിന്റെ കർത്താക്കളും ഹിന്ദുക്കൾ തന്നെയായിരുന്നു. ബീജഗണിതത്തിനെപ്പററി എഴുതിയ ആദ്യത്തെ അറബി സാഹിത്യകാരനായ "മുഹമ്മദ് മൂസാ കരിഷമി" ഹിന്ദുക്കളിൽനിന്നാണ് ഈശാസ്ത്രം കരസ്ഥമാക്കിയതു്. യവനരും (Greeks) ഹിന്ദുക്കളിൽനിന്നാണ് ബീജഗണിതവും അങ്കഗണിതവും മനസ്സിലാക്കിയതു് എന്ന് യവനിക എഴുത്തുകാരനായ ഡയോഫിനസിന്റെ ഗ്രന്ഥങ്ങളിൽനിന്നു തെളിയുന്നു്. 1579-ൽ ബോമ്പലി എന്ന യൂറോപ്യൻ ഡയോഫനസ്സിന്റെ ഗ്രന്ഥങ്ങളിൽനിന്നു "ബീജഗണിത"ത്തിന്റെ ചില ഭാഗങ്ങൾ തർജ്ജിമചെയ്തു ഒരു പുതിയ ഗ്രന്ഥമുണ്ടാക്കി. അതുകൊണ്ട് ഗണിതശാസ്ത്രത്തിന്റെ ഉല്പത്തിസ്ഥാനം ഭാരതമാണെന്നുള്ളതിനു യാതൊരു തർക്കവുമില്ല. ക്ഷേത്രഗണിതം, അങ്കഗണിതം, ജ്യോതിശ്ശാസ്ത്രം എന്നി ശാസ്ത്രങ്ങൾ ഹിന്ദുക്കളാണ് ആദ്യം കണ്ടുപിടിച്ചിട്ടുള്ളതു്. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാളും ഗണിതശാസ്ത്രവിദഗ്ദ്ധനുമായ ആര്യഭട്ടന്റെ "ആര്യഭട്ടീയവും" 9-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന മഹാവീരന്റെ "ഗണിതസാരസംഗ്രഹ"വും ഇതിന്നുദാഹരണങ്ങളാണ്.

ഗണിതശാസ്ത്രത്തിൽനിന്ന് രസതന്ത്രത്തിലേ (Chemistry)ക്കൊന്നു നോക്കാം. ഇന്നു ലോകം മുഴുവനും അത്ഭുതാവഹമായ പലതും നടക്കുന്നതു് രസതന്ത്രത്തിന്റെ ശക്തികൊണ്ടാണല്ലൊ; അങ്ങിനെയുള്ള രസതന്ത്രത്തിന്റെ ജന്മഭൂമിയും ആർഷഭാരതം തന്നെയാണെന്നറിയുമ്പോൾ നാം അഭിമാനത്താൽ കോൾമയിർക്കൊള്ളുന്നു. പ്രസിദ്ധരസതന്ത്രശാസ്ത്രജ്ഞനായിരുന്ന നാഗാർജ്ജുനൻരസതന്ത്രത്തിന്റെ ജനയിതാവായി ശോഭിച്ചു. ഗന്ധകികാമ്ലം, നൈത്രജികാമ്ലം എന്നു മാത്രമല്ല വേറെപലരാസവസ്തുക്കളുംഹിന്ദുക്കൾ നിർമ്മിക്കുവാൻ മനസ്സിലാക്കിയിരുന്നു. അറബികളുടെ രസതന്ത്രശാസ്ത്രവിജ്ഞാനം ഇന്ത്യയിൽനിന്നാണു ആദ്യം തുടങ്ങിയതു്. അറബികളിൽനിന്നു യൂറോപ്പിലും ഈ ശാസ്ത്രം പ്രചരിച്ചു. ഇതിൽനിന്നു മനസ്സിലാകുന്നതു് രസതന്ത്രശാസ്ത്രത്തിന്റെ കർത്താക്കൾ ഹിന്ദുക്കൾ തന്നെ ആയിരുന്നു എന്നാകുന്നു.

## ശ്രീ സായ് ജ്യോതിഷ നിലയം

ജ്യോതിഷസംബന്ധമായ എല്ലാ പ്രവൃത്തികളും ചെയ്തുകൊടുക്കുന്നു. അധികവിവരങ്ങൾക്കു താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക.

മാനേജർ, ശ്രീ. സായ് ജോതിഷ നിലയം,
P. O. Koduvayur, Via Palghat

# ശ്രീ

# * ചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ബാലലീല.

(ശ്രീ. എം. ആർ. കൃഷ്ണവാര്യർ, ബി. എ, എൽ. ടി.)

൧

ശൈശവം അതിക്രമിച്ച കഥാനായകന്റെ ബാലലീലയെ വർണ്ണിക്കുന്നു. ലീലാരൂപേണ കായികവും, മാനസികവും, ആദ്ധ്യാത്മികവുമായ ധർമ്മങ്ങളുടെ പരിശീലനമാണ് ജീവിതത്തിലെ ആദിമഘട്ടമായ ഈ ബാല്യത്തിൽ സാധിതമായതെന്നു പ്രതിപാദിച്ചിരിക്കുന്നു. ആധുനികരായ വിദ്യാഭ്യാസവിശാരദർപ്രസ്താവിച്ചിട്ടുള്ള ജ്ഞാനസമ്പാദനരീതികഥാനായകന്റെ കാര്യത്തിൽമാതൃകാപരമായി പ്രദർശിപ്പിച്ചിരിക്കുന്നതായി കാണാം:—

വിഹാരത്തിൽ കണ്ടോരഭിരുചിയെ,
വിദ്യാഭ്യസനമാം
മഹാവ്യാപാരത്തിന്നുപകരണ-
മായിത്തെളിയുവാൻ,
സഹായിക്കുംവണ്ണം, ജനനിയുപ-
യോഗിച്ചിതു; മകൻ
മഹാത്മാവാകുന്നു മധുരതര-
മാതൃപ്രകൃതിയാൽ.

൨

ക്രീഡയ്ക്കുള്ള മാഹാത്മ്യം മേൽസൂചിപ്പിച്ചതിനെത്തുടന്നു വിവരിക്കുന്നു:—

"കുമാരന്മാർക്കാത്മപ്രകടനപര-
ക്രീഡകളിലാ-
ണമായം സൗകര്യം സമയമരു-
ളീടേണ്ടതിഹ നാം"
പ്രമാണം-പ്രാക്ശിക്ഷാപ്രഥമമിതു-
കാണാതെ വലുതാം-
പ്രമാദം പറവുന്നുണ്ടനവധിപി-
താക്കൾക്കുമുലകിൽ.

൩

കഥാനായകനെ ഏതുമാതിരി കളികളാണ് മാതാവു പരിശീലിപ്പിച്ചതെന്നും, അതുകൊണ്ടുണ്ടായ വിശിഷ്ടഫലം എന്തായിരുന്നുവെന്നും വിവരിക്കുന്നു:—

വിളിക്കാനായോടക്കുഴൽ; വിവിധ-
വർണ്ണങ്ങളും വിലസും
കളിപ്പന്താടാനായ്; നറുമലരെ-
ട്ടത്തെണ്ണിയെറിയാൻ,
"കിളിച്ചുണ്ടൻ വള്ളം" കൃതകനദി-
യിൽ തള്ളി വിടുവാൻ;
കളിപ്പിച്ചാളേവം മകനെയതു
നാം കാന്തിമതിയാം.

൪

ശബ്ദം, വർണ്ണം, ചലനം, വാസന, സ്പർശം മുതലായവകൊണ്ട് ഇന്ദ്രിയങ്ങളുടെ ദൃഢീകരണം സമ്പാദിക്കാമെന്നു സൂചിപ്പിച്ചതിനുശേഷം, അവയവങ്ങളുടെ പ്രവർത്തനസൗഷ്ഠവവും ക്രീഡകൾകൊണ്ടു സാധിക്കാമെന്ന തത്വത്തെ നിദർശിപ്പിക്കുന്നു;—

ചെവിക്കിമ്പം ചേർക്കും ചെറിയമൊഴി
ചൊല്ലിച്ചു; ചൊടിയിൽ-
ച്ചുവിട്ടിച്ചു ചാടിന്ന പൂവഴിപി
ഴയ്ക്കാതെ പിടിയിൽ;
അവിശ്രാന്തം മാതാവവിരസകു-
മാരന്നവയവ-
വ്യവസ്ഥാവിന്യാസം കഴിവതുക-
ഴിച്ചൂകളികളിൽ.

൫

രാജകുമാരന്റെ മനസ്സ് തന്റെ ആരാമത്തിലെ പക്ഷികളുടെ ഗാനങ്ങളാൽ ആകർഷിക്കപ്പെടുന്നു:—

സ്വകീയാരാമത്തിൽസ്വരമധുര-
ഗാനങ്ങളും, വിലസ-
ദ്വികീർണ്ണശ്രീപർണ്ണാവലികളണി-
യും പൂലതകളിൽ,
പ്രകീർത്തിക്കും പ്രക്ഷേപണനിപുണ-
ശങ്കാജനകമാം-
സുകീരവ്രാതത്താലപഹൃതമന-
സ്സായ് മണിമകൻ.

൬

കുമാരന്റെ സങ്കല്പവിലാസം തികച്ചും രാജോചിതമായിരുന്നുവെന്നു വർണ്ണിക്കുന്നു:—

സ്വരാജാർഹക്രീഡാപരിധിയിൽ, മ-
രപ്പാവകൾ, മഹാ-
ധരാകാന്തന്മാരും, പ്രഭുതിലക-
രും മന്ത്രിവരരും,
വിരാജിക്കും വിദ്വജ്ജനസഭയി-
ലംഗങ്ങളു, മുപ-
സ്ഥിരാദ്ധ്യക്ഷന്മാരും ഭടജനവു-
മായ് ഭാവനകളാൽ.

* ചിത്രാനന്ദലഹരിയിലെ ഒരു ഭാഗം

ചെറുകഥ-(വെറുംവിനോദം.)

# പാറുവിൻെറ പാചകവിദ്യ.

—രണ്ടാംഭാഗം—

(ശ്രീ. പി. എൻ. മൂസ്സതു്, ബി. എ, എൽ. ടി.)

ഇൻസ്പെക്ടർ ക്ലാസിലേയിൽചെന്നിരുന്നു. ചന്തപ്പുരപോലെ ഇരച്ചുകൊണ്ടിരുന്ന ആ ക്ലാസ്സുമുറി പെട്ടെന്നു നിശ്ശബ്ദമായി. കുട്ടികൾ ഇൻസ്പെക്ടരുടെ ആകൃതിയും വേഷവും ഉററുനോക്കിക്കൊണ്ടിരുന്നു. പാച്ചുമാസ്റ്റർ പഠിപ്പിക്കാൻ ഒരുക്കിയിരുന്നതു പൂച്ചയെക്കുറിച്ചു് ഒരു സാധനപാഠമായിരുന്നു. മേശപ്പുറത്തുള്ള ഒരു പൂച്ചയുടെ ചിത്രം എടുത്തുകാണിച്ചുകൊണ്ടു് മാസ്റ്റർ കുട്ടികളോടു ചോദ്യം ആരംഭിച്ചു.

മാസ്റ്റർ:—ഇതെന്താണു്?

കുട്ടികൾ:—പൂച്ച, സാർ.

മാ:—നിങ്ങൾ പൂച്ചയെക്കണ്ടിട്ടുണ്ടോ?

കു:—ഉവ്വു്, സാർ.

ഒരുകുട്ടി മറെറാരുത്തനോടു്:—എടാ! എൻെറ വീട്ടിൽ രണ്ടു പൂച്ചയുണ്ടു്. ഒന്നു കാടൻ, മറേറതു കുറിഞ്ഞി. ഞങ്ങടെ കുറിഞ്ഞിപ്പൂച്ച ഇതേനിറമാണു്.

മാ:—ശബ്ദിക്കരുതു്. പൂച്ചക്കെത്ര കാലുണ്ടു്?

കു:—നാലുകാലു്, സാർ.

ഒരുകുട്ടി:—മൂന്നുകാലു്, സാർ. എൻെറ വീട്ടിലെ പൂച്ചയ്ക്കു മൂന്നുകാലെ ഉള്ളു, സാർ.

മറെറാരുകുട്ടി:—ഇവൻ നുണ പറയുവാണു്, സാർ.

മാ:—മിണ്ടരുതെടാ! ചോദിച്ചതിനു മാത്രം ഉത്തരം പറയിൻ! ശരി. പൂച്ചയുടെ മുഖത്തു നീണ്ടുകാണുന്നതെന്തു്?

കു:—കണ്ണു് സാർ, അല്ല ചെവി, സാർ-എനിക്കറിയാം സാർ- പല്ലു്, സാർ-രോമമാണു് സാർ, അതൊന്നുമല്ല സാർ, മൂക്കാണു് സാർ നീണ്ടുകാണുന്നതു്.

൭

ജന്മസിദ്ധമായ കലാഭിരുചി പ്രകൃതിയുടെ രാമണീയകം നിരീക്ഷിക്കുന്നതുകൊണ്ടു വർദ്ധമാനമാകാമെന്നുള്ള തത്വത്തെ പ്രതിപാദിക്കുന്നു:—

സരിത്തോടകം സന്ധ്യാഗതിയിലതി-
ചേതോഹരത, വി-
സ്തരിക്കും പൊൽച്ചെമ്പാർക്കൊടി
പടലപാങ്ങാടനിരകൾ,
ചരിക്കും ചന്തത്തിൽ ചടുലമിഴി
ചായിച്ചു, ചമയ-
ച്ചിരിപ്പുത്തൻ മുത്തിൻ രുചിവിമല-
ബാലൻ വിതറിനാൻ.

൮

കഥാനായകനു ബാല്യത്തിൽതന്നെ ശാരീരകവും മാനസികവും, ആദ്ധ്യാത്മികവുമായ അഭ്യാസവിശേഷങ്ങൾക്ക് അവസരം ലഭിച്ചുവെന്നു വർണ്ണിക്കുന്നു. യഥാർത്ഥ വിദ്യാഭ്യാസം ഈ മൂന്നു മാർഗ്ഗങ്ങളിൽ കൂടിയാണല്ലോ ഉണ്ടാകേണ്ടതു്:—

പരീക്ഷിച്ചു കോണിപ്പടിചിലതു
ചാടിക്കയറുവാൻ;
നിരീക്ഷിച്ചു നിത്യം ചുവരുകളി
ലേ ചിത്രകലകൾ;
പരിതന്മാരോടായ് പ്രചുരദയ
കാണിച്ചു പതിവായ്;-
ശരിരപ്രജ്ഞാത്മാഭ്യസനമൊരു-
മിച്ചേവമുളവായ്.

൯

മാതാവിൻെറ സന്നിഷ്കർഷമായ പരിചരണത്താൽ കഥാനായകനു് രാജൈശ്വര്യത്തിൻെറ ഉറവുകളായ ഗ്രാമപ്രദേശങ്ങൾ തൃക്കൺപാർക്കാൻ സാധിച്ചുവെന്നു പ്രതിപാദിക്കുന്നു:—

പ്രധാനപ്പെട്ടോരോ പ്രകൃതിസഹ-
ജാരാമസുഷമാ-
വിധാനത്തിൽ തൃക്കൺ കമലരുചി-
വീശിത്തെളിയുവാൻ,
സുധാംശുശ്ലോകശ്രീസുതനൊടൊരു
മിച്ചമ്മ, സുഖദ-
സ്വാധാത്രീഗ്രാമീണസ്ഥലികളിലെ
ഴുന്നള്ളി, ചിലനാൾ.

൰

കുട്ടികൾ കഥാശ്രവണത്തിൽ കുതുകികളാണല്ലോ. ആ നിലയ്ക്കുവേണം അവരുടെ ധർമ്മബുദ്ധിയെ രൂപവൽക്കരിക്കുവാനെന്നു വിശദമാക മാറുവർണ്ണിക്കുന്നു:—

ശരിക്കാരോപാഖ്യാനികകഥകൾ
കേൾപ്പിച്ചു; ശതശഃ
ധരിപ്പിച്ചു, ധർമ്മാശയസുലഭ-
ധാത്രീകഥകളെ;
സ്മരിപ്പിച്ചു, പൂർവ്വശ്രുതമധുര
ഗാനങ്ങൾ; മകനിൽ
തളിർപ്പിച്ചാരുമലവം ജനനി ധിഷ-
ണാശക്തികൾ തുലോം.

—o—

ഇതിനെത്തുടൎന്നു കുട്ടികൾ അന്യോന്യം സംസാരം തുടങ്ങി. മാസ്റ്റർ അവരുടെ നേൎക്കു കണ്ണുരുട്ടി. ഇൻസ്പെക്ടൎക്കു വിറളി പിടിച്ചു. അയാൾ ചാടിയെഴുന്നേററു. "ദിസ് ഈസ് നൊ ബെററർ ദാൻ എ മാക്കററു പ്ലെയിസ്സ്. ദെയർ ഈസ് നോ ഡിസിപ്ലിൻ അററ് ആൾ" എന്നുപറഞ്ഞു പാച്ചുമാസ്റ്ററെ ദേഷ്യഭവത്തിൽ ഒന്നു നോക്കി. ഇതുകണ്ടു കുട്ടികൾ നിശ്ശബ്ദരായി.

ഇൻസ്പെക്ടർ(ഒരു കുട്ടിയോടു):—നിന്റെ പേരെന്തു?

കു:—ഈ സ്കൂളിലെ പേര് ഗോവിന്ദൻ. കുഞ്ഞപ്പുമാസ്റ്ററുടെ സ്കൂളിലെ പേര് ചക്രപാണി.

ഇൻ—(പാച്ചുമാസ്റ്ററെ നോക്കി)—വാട്ട് ഈസ് ദിസ്? എ ബോയ് ഹാവിങ്ങ് ടു നെയിംസ്-ഹാവ് യൂ ബാറോഡ് ദിസ് ബോയ്?(What is this?a boy having two names have you borrowed this boy?

പാ മാ:—(പരുങ്ങലോടെ) നോ സാർ. ഓൾഡ് നെയിം ചക്രപാണി സേർ, ന്യൂ നെയിം ഹിയർ റെജിസ്റ്റർ ഗോവിന്ദൻ, സാർ.(No Sir, old name Chakrapani sir,newname here register Govindan sir.)

ഇൻസ്പെക്ടർ, മാസ്റ്ററുടെ ബട്ലർ ഇംഗ്ലീഷു കേട്ടു ചിരിച്ചുകൊണ്ടു:—ലെററ് മി സീ യുവർ റജിസ്റ്റേർസ്-എന്നുപറഞ്ഞു മാസ്റ്ററേയുംകൂട്ടി ആപ്പീസുമുറിയിലേയ്ക്കു പോയി. റജിസ്റ്ററൊന്നും നേരെ സൂക്ഷിച്ചിട്ടില്ലെന്നു കണ്ടു് ഇൻസ്പെക്ടർ കലശലായി ശുണ്ഠിയെടുത്തു പാച്ചുമാസ്ററരെ കുറെ ശകാരിക്കയും ഗ്രാന്റു കുറയ്ക്കുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു.

അപ്പോഴേയ്ക്കും മണി പന്ത്രണ്ടായി. മാസ്ററരുടെ വേലക്കാരി പാറു മുൻകൂട്ടി ഏൎപ്പാടു ചെയ്തതനുസരിച്ചു് ഇൻസ്പെക്ടൎക്കുള്ള ഭക്ഷണസാധനങ്ങളുംകൊണ്ടു വന്നെത്തി. പാച്ചുമാസ്ററർ, രോഷകലുഷേക്ഷണനായ ഇൻസ്പെക്ടരുടെ അടുത്തുചെന്നു് ഇംഗ്ലീഷിൽ "മീൽ റെഡി, സാർ. ഡോൺട് ഈററ് സാർ?" എന്നറിയിച്ചു. ഇതിന്നു മാസ്ററർ വിവക്ഷിച്ചിരുന്ന അൎത്ഥം ഭക്ഷണം തയ്യാറായി, ഉണ്ണുകയല്ലേ? എന്നായിരുന്നു. ഇൻസ്പെക്ടർകാൎയ്യംഗ്രഹിച്ചു. മാസ്റ്റർ പാറുവിനോടു ഭക്ഷണം അകത്തേയ്ക്കു കൊണ്ടുവരാൻ പറഞ്ഞു. പാറു പ്ലെയിററുകളെല്ലാം മേശമേൽ നിരത്തി ഭക്ഷണം വിളമ്പിക്കൊടുത്തു. ഇൻസ്പെക്ടരുടെ പ്രീതിയ്ക്കുവേണ്ടി മാസ്റ്റർപലസ്വാദുള്ള വിഭവങ്ങളുംതയ്യാറാക്കിച്ചിരുന്നു. എല്ലാംപാറുവിന്റെമിടുക്കുതന്നെയായിരുന്നു. മാസ്റ്ററുടെഭാൎയ്യ മരിച്ചശേഷംപാറുതന്നെയാണ് സൎവ്വകാൎയ്യങ്ങളും നോക്കിയിരുന്നതു്. ഇത്ര വിശ്വസ്തയായ ഒരു ഭൃത്യയെക്കാണാൻ പ്രയാസമായിരുന്നു. കുളിച്ചു് വൃത്തിയായി ശുഭ്രവസ്ത്രങ്ങളും മററും ധരിച്ചു് വെടിപ്പുള്ള പാത്രങ്ങളിൽ ഭക്ഷണസാധനങ്ങളും കൊണ്ടുവരണമെന്ന മാസ്ററരുടെ നിൎദ്ദേശം പാറുവമ്മ അക്ഷരംപ്രതി അനുഷ്ഠിച്ചിരുന്നു. ഊണു കഴിഞ്ഞതിനുശേഷം ഇൻസ്പെക്ടർ കുറെ ശാന്തനായി ഒരു സിഗററെറടുത്തു കൊളുത്തി വലിച്ചുകൊണ്ടു് ഇൻസ്പെക്ടർ മലയാളത്തിൽ സംഭാഷണമാരംഭിച്ചു.

ഇൻസ്പെക്ടർ:—ഈ സ്ത്രീ നിങ്ങളുടെ ആരാണ്?

മാസ്ററർ:— ഇതു എന്റെ വേലക്കാരി പാറു ആണ്. എന്റെ ഭാൎയ്യ മരിച്ചശേഷം വീട്ടിലെക്കാൎയ്യങ്ങളെല്ലാം നോക്കുന്നതു ഇവളാണ്. വളരെ വിശ്വസ്തയാണ്, സാർ.

ഇൻ:—ഇവൾക്കു ബന്ധുക്കളായിആരുമില്ലേ?

മാ:—ഇല്ല. ഇവളുടെ ഭൎത്താവ് മലയയിലായിരുന്നു. ജപ്പാൻ ആക്രമണകാലത്തു് ആയാൾക്കു ജീവനാപായം നേരിട്ടു. ഇപ്പോൾ എന്റെ ഒന്നിച്ചുതന്നെയാണ് താമസം. മഹാ സാധുവാണ്,സാർ.

ഇൻ:—ഇന്നും നാളെയും എനിക്കിവിടെ താമസിക്കണം. തിങ്കളും ചൊവ്വയും മണപ്പുറമ്പു സ്കൂൾ ഇൻസ്പെക്ഷനാണ്. അവിടെയ്ക്കു് സൈക്കിളിൽ ഇവിടെനിന്നുതന്നെ പോയ്ക്കൊള്ളാം. അപ്പോൾ നാലുദിവസം താമസത്തിന് ഏൎപ്പാടു ചെയ്യണം.

മാ:—അതെല്ലാം തയ്യാറാക്കിയിട്ടുണ്ട്, സാർ?

ഇൻ:—ഓ! ജാഗ്രതയുണ്ടല്ലോ. എവിടെ?

മാ:—എന്റെ വീട്ടിന്നടുത്തുതന്നെ.

ഇതിന്നുശേഷം ഇൻസ്പെക്ടർ അന്നത്തെ ദിനപത്രം എടുത്തു വായിച്ചുകൊണ്ടിരുന്നു. സ്കൂൾ വിട്ടശേഷം ഇൻസ്പെക്ടർ കാപ്പികുടി കഴിഞ്ഞു് അഞ്ചരമണിയോടുകൂടി തനിക്കായി ഏൎപ്പാടു ചെയ്തിരുന്ന വീട്ടിലേക്കു ആനീതനായി. മാൎഗ്ഗമദ്ധ്യേ ആയാൾ മാസ്ററരോടു ഇങ്ങനെ പറഞ്ഞു. "മാസ്ററർ, ഞാൻ സാധാരണയായി ഭക്ഷണം കഴിക്കാറു കുറച്ചു വൈകിട്ടാണ്! ഭക്ഷണം വേലക്കാരി സാവധാനത്തിൽക്കൊണ്ടുവന്നോട്ടെ. നിങ്ങൾ എന്നെ കാത്തിരുന്നു ബുദ്ധിമുട്ടണമെന്നില്ല"

മാ:—അങ്ങനെ ചെയ്യാം, സാർ.

പിറേറദിവസം ഇൻസ്പെക്ടർ പത്തുമണിയ്ക്കു് പരിശോധനയ്ക്കു് വന്നു. പാച്ചുമാസ്ററരുടെ പേരിൽ വളരെ സന്തോഷമായി മററു മാസ്ററർമാരുടെ പാഠങ്ങളെല്ലാം നോക്കി. എല്ലാററിലും വലിയ തൃപ്തി

# കുമാരസംഭവം.

## (ഭാഷാഗാനം)

മൂന്നാംസർഗ്ഗം തുടർച്ച

[വിദ്വാൻ, ശ്രീ. സി. മാധവമേനോൻ.]

ഭാവിവല്ലഭനായ ശംഭുവിൻ പടിക്കലോ-
യാവർത്തനവാകും പാർവ്വതിയണഞ്ഞിതു;
ചിൽസ്വരൂപമാം സാക്ഷാൽ ബ്രഹ്മത്തെ ദർശിച്ചിട്ടും
തത്സമാധിയിൽനിന്നു ശർവ്വനുണർന്നിതു. 58

വല്ലാതെ പണിപ്പെട്ടു തൻ ഫണാഗ്രങ്ങൾകൊണ്ടു
മെല്ലവേ യധോഭൂമി സർപ്പേന്ദ്രൻ താങ്ങീടവേ,
മൂഢനം പതുക്കെത്തൻ പ്രാണണാസത്തെ വിട്ടു
ദൃഢമാം വീരാസനം ശിഥിലമാക്കീടിനാൻ. 59

"തൃപ്പാദസേവയ്ക്കായി കാത്തിതാ നില്പൂ ഗൗരി"
അപ്പോഴീവിധം കൂപ്പി നന്ദിയങ്ങറിയിച്ചാൻ;
ചില്ലിയൊന്നനക്കിത്തൻ സമ്മതമേകി ദേവൻ,
മെല്ലവേ തൽപാർശ്വത്തിൽ ദേവിയും പ്രവേശിച്ചാൾ. (60

സുന്ദരീമണിതന്റെ തോഴിമാരിരുപേരും
ചെന്തളിരോടും കൂടിത്തന്നത്താനറുത്തുള്ള
വാസന്തസുമങ്ങളെസ്സർവ്വശപാദങ്ങളിൽ
സന്നമിച്ചതുശേഷം സാദരം തൂകീടിനാർ. 61

നീലമാമളകത്തിൽനിന്നു നൽക്കൊന്നപ്പൂവും,
ചേലെഴും ചെവിവിട്ടു വാരിളം തളിർത്തൊത്തും
വിഗ്ഗളിച്ചീടുംവണ്ണം മൂർദ്ധാവു താഴ്ത്തിക്കൊണ്ടു
ഭർഗ്ഗനെ നമിച്ചാളപ്പർവ്വതാത്മജതാനും. 62

ദേവനുരചെയ്യാൻ സത്യമായ്ത്തന്നെ "യന്യ-
ദേവിയെക്കൊതിക്കാത്ത നാഥനെ ലഭിക്കെ"ന്നായ്:
വന്ദ്യനാമീശൻ തന്റെ വാക്യമേതൊന്നും തന്നെ-
യന്യഥാഭവിക്കകയില്ലല്ലോ ലോകത്തിങ്കൽ. 63

പാരമമ്പയച്ചീടാനീവേളയെന്നായ്ക്കാമൻ
തെറ്റെന്നു തീയിൽച്ചാടാനടുക്കും പതംഗംപോൽ,
ശങ്കരശരവ്യത്തിൽ, പാർവ്വതീസമക്ഷംതാൻ
തൻകരം വീണ്ടും വീണ്ടും ഞാണിന്മേലണയ്ക്കയായ്. 64

വാസരേശ്വരരശ്മിയേറ്റേറ്റമുണങ്ങിയ
വാനവാഹിനീപത്മബീജസഞ്ചയത്താലെ
കോർത്തമാലയെഗ്ഗൗരിയന്നേരം സമർപ്പിച്ചാൾ
നിത്താരിൻ തുടുപ്പാർന്ന കൈകളാൽ ഗിരീശന്നായ്. 65

ഭക്തവാത്സല്യം മൂലം മുക്കണ്ണൻ താനതു
കൈക്കൊള്ളാൻ തുനിഞ്ഞിതു, മന്മഥൻ താനപ്പോഴും
തെല്ലുമേ തെറ്റാതുള്ള സായകം-സമ്മോഹനം,
വില്ലിന്മേൽ വലിച്ചതു തൊടുത്താൻ തരം നോക്കി. 66

ഇന്ദുതന്നുദയത്തിലബ്ധിപോൽ കുറഞ്ഞൊന്നു
തന്നുള്ളം ചലിച്ചോരു രുദ്രനുമതുനേരം
തൊണ്ടിക്കുണ്ടാമിതൾക്കണ്ടെന്നാലമ്മട്ടുള്ള
ചുണ്ടാർന്നോരുമാമുഖേ കണ്ണുകൾ പരമാറി. 67

മൊട്ടിട്ടു നിന്നീടുന്ന തൈക്കടമ്പെന്നപോലെ
കുട്ടിമാന്മിഴി പുളകാഞ്ചിതതനുവാലെ
ഭാവവും വെളിവാക്കി, നാണത്താലുഴന്നീടും
നേത്രങ്ങളോടും മുഖം തിരിച്ചു നിന്നീടിനാൾ. 68

തന്മനോവികാരത്തെ വീണ്ടുമേ വശ്യാത്മാവാം
മന്മഥാന്തകൻ ബാഢം തടഞ്ഞാനുടൻ, പിന്നെ,
എന്തുവാനിതിന്മൂലമെന്നതൊന്നറിഞ്ഞീടാ-
നന്തരാ കൊതിപൂണ്ടു ചുറ്റുമേ നോക്കീടിനാൻ. 69

തൻവലം കടക്കണ്ണിന്നരികേ ചേർത്തും മുഷ്ടി,
താഴ്ത്തിയുമംസം, വാമപാദത്തെ വളച്ചുമേ,
ചക്രമെന്നതുപോലെയാക്കിയും കോദണ്ഡത്തെ-
യാക്രമിച്ചീടാൻ നില്ക്കും മന്മഥൻതന്നെക്കണ്ടവൻ. 70

മുക്കണ്ണൻ തപോവിഘ്നം കൊണ്ടലം കോപംകൊണ്ടു
ഭ്രൂക്കളെച്ചുളിച്ചാൻ, തദാസ്യവും ദുഷ്പ്രേക്ഷ്യമായ്,
നിഷ്പതിച്ചിതു നെറ്റിക്കണ്ണിൽനിന്നാളിക്കത്തി
ജ്വാലാമാലകളോടൊത്തഗ്നിയും പെട്ടെന്നപ്പോൾ. 71

---

പ്രദർശിപ്പിച്ചു. അന്നു വൈകുന്നേരം ഇൻസ്പെക്‌ഷൻ ബുക്കിൽ വളരെ തൃപ്തികരമായ റിമാർക്ക്സ് രേഖപ്പെടുത്തുകയും, കൂടുതൽ ഗ്രാണ്ട് കൊടുപ്പാൻ സ്കൂളിന്നർഹതയുണ്ടെന്നു ശുപാർശ് ചെയ്കയും ചെയ്തു. എന്തൊരിന്ദ്രജാലമാണ് ഇൻസ്പെക്ടരുടെ സ്വഭാവത്തിലിങ്ങനെയൊരു മാററം വരുത്തിയതെന്നു മാസ്ററർമാർ ധരിച്ചില്ല. നാലുദിവസം എരുമപ്പാറയിൽ താമസിച്ചതുകൊണ്ടു തങ്ങളുടെ സ്കൂളിനോടു മാത്രമല്ല, ദേശത്തോടും ഇൻസ്പെക്ടർക്കു വലിയ പ്രീതിയുണ്ടെന്നു അവർക്കു ബോധ്യമായി. ഇൻസ്പെക്ടരുടെ ക്രോധവഹ്നി ശമിച്ചു പ്രസാദപീയൂഷമായി മാറിയതിന്നു പാറുവിന്റെ പാചകവിദ്യയൊഴിച്ചു മറെറാരു കാരണവും പാച്ചുമാസ്ററർ കണ്ടില്ല. പത്തു ശതമാനം ഗ്രാന്റു കൂട്ടിക്കിട്ടിയപ്പോൾ മാസ്ററർ പാറുവിനെ മനസാ വളരെ അഭിനന്ദിക്കയും ചെയ്തു.

—o—

# ആനന്ദം അകത്തുതന്നെ, പുറത്തല്ല.

1124 ചിങ്ങം 1-ാംലക്കം പാരിജാതത്തിലുണ്ടായിരുന്നതിന്റെ ബാക്കി

(സാഹിത്യകുശലൻ, പണ്ഡിതർ, ശ്രീ. പി. ഗോപാലൻനായർ, കൊല്ലംകോട്.)

ഞാൻ:—അങ്ങയുടെ ഈ ചോദ്യം എന്നെ വിഷമിപ്പിക്കുന്നു. എന്താണുത്തരം പറയേണ്ടതെന്നു പെട്ടെന്നു തോന്നുന്നില്ല. അപ്പോൾ ഒന്നും ഉണ്ടായിരുന്നില്ല. ഞാനൊന്നും അറിഞ്ഞുമിരുന്നില്ല. അതുകൊണ്ടാണു ശൂന്യം എന്നു പറഞ്ഞതു്. അങ്ങയുടെ ചോദ്യം ഞാനപ്പോൾ ഉണ്ടായിരുന്നുവോ എന്നാണെല്ലോ. ഞാനിപ്പോൾ ഉള്ളതുകൊണ്ടു ആ സമയത്തും-ശൂന്യമാണെന്നു ഞാൻ പറഞ്ഞതായ, ആ ശൂന്യാവസ്ഥയിലും ഞാനില്ലാതിരുന്നുവെങ്കിൽ- മരിച്ചിരുന്നുവെങ്കിൽ-ശൂന്യമായിരുന്നുവെങ്കിൽ-ഇപ്പോൾ ഉണ്ടാവാനവകാശമില്ലെന്നു എനിക്കിപ്പോൾ തോന്നുന്നു. ഞാനുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ടാണു ഞാനതറിയാഞ്ഞതു് എന്നാലോചിക്കുമ്പോൾ ഉണ്ടായിരുന്നുവെന്നു പറവാനും ധൈര്യം വരുന്നില്ല. ആകപ്പാടെ, അങ്ങയുടെ ഈ ചോദ്യം ചതുരംഗക്കളിയിൽ ഒരടിയറവു് എന്ന മട്ടിൽ ഉത്തരം പറവാൻ എനിക്കു സാധിക്കാതിരിക്കുന്നു. അതുകൊണ്ടു് അങ്ങുന്നുതന്നെ എന്നെ ഈ അന്ധകാരത്തിൽനിന്നു വെളിച്ചത്തേയ്ക്കാക്കി രക്ഷിക്കേണം:

പാരിജാതം:—ആകട്ടെ. നിങ്ങൾക്കിപ്പോഴെങ്കിലും അല്പം ആലോചനയുണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ, ഇനി മേൽസംഭാഷണം തുടരേണമെങ്കിൽ ചിലതെല്ലാം നിങ്ങളിൽനിന്നെനിക്കറിവാൻ സാധിക്കേണം. അതിന്നു ഞാൻ ചെയ്യുന്ന ചോദ്യങ്ങൾക്കു നിങ്ങൾ മറുപടി പറയേണം. നിങ്ങളെ ഞാൻ മുമ്പെ കണ്ടിട്ടില്ല. എന്റെ ഈ സഞ്ചാരത്തിൽ യദൃച്ഛയാ കണ്ടതാണല്ലോ. നിങ്ങളാകട്ടെ, എനിക്കു് മംഗളാശംസ ചെയ്തുകൊണ്ടു പ്രഥമതഃ എന്നെ സന്തോഷിപ്പിച്ചശേഷം അതിരഹസ്യമാണെങ്കിലും, അതുപോലെ തന്നെ അതിസ്പഷ്ടവും, ഏതൊരു യഥാർത്ഥമുമുക്ഷുവും അറിയേണ്ടതും- ഇന്നല്ലെങ്കിൽ നാളെ-ഈ ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്തിലോ-അനേകജന്മങ്ങളുടെ ഉള്ളിലോ അറിയാതെ കഴിയാത്തതുമായ ഒരു വിഷയത്തെക്കുറിച്ചാണ് ആദ്യമായി ചോദ്യം ചെയ്തതു്. അതിന്നുള്ള ശരിയായ ഉത്തരം സത്യത്തെ തെളിച്ചുവെക്കാൻ ആർക്കും കഴികയില്ലല്ലോ എന്നോർത്തു ഞാൻ പറഞ്ഞുകഴിഞ്ഞു. നിങ്ങൾക്കതു സമ്മതമാകാതെ സംഭാഷണം നീളുന്നമാതിരിയിലാണ് കാണുന്നതു്. ഞാനൊരേടത്തിരിക്കുന്നവനല്ല. ഒരു സഞ്ചാരി. ചെല്ലുന്നേടിക്കെല്ലാം എന്റെ രാജ്യം, എന്റെ വീടു, കാണുന്നവരെല്ലാം എന്റെ സ്വന്തം ജനം, എന്ന വിചാരത്തിൽ ഞാൻ നടന്നുകൊണ്ടിരിക്കുന്നു. നിങ്ങളെക്കണ്ടുവെന്നു മാത്രമല്ലാതെ നിങ്ങളാരാണ്? പേരെന്തു്? പ്രവൃത്തിയെന്തു? മാതാപിതാക്കന്മാർ ആരു്? കല്യാണം കഴിച്ചിട്ടുണ്ടോ? സന്താനങ്ങൾ ഉണ്ടോ? ദുഃഖമല്ലാതെ സുഖമെന്നതു് ലേശവും ഇല്ല എന്നു പറവാൻ എന്തുകാരണം, എന്തില്ലാത്തതുകൊണ്ടാണ് നിങ്ങൾ ദുഃഖിക്കുന്നതു്? നിങ്ങളെന്നോടുചെയ്ത ചോദ്യം നേരമ്പോക്കായിട്ടോ? സമയം കളയുവാൻ മറുപായമൊന്നും കാണാത്തതായ ഈ അല്പസമയത്തിൽ ഒരു പുതിയ വേഷക്കാരനായ എന്നെക്കണ്ടപ്പോൾ ഒരു വിനോദംഎന്നനിലയിൽ ചോദിച്ചതോ എന്നുള്ള എല്ലാ സംഗതികളും തുറന്നുപറയാതെ ഇനി സംഭാഷണം തുടരാൻ നിവൃത്തിയില്ല. അതുകൊണ്ടു നിങ്ങളുടെ നാടേതു്? വീടേതു്? ആരെല്ലാം ഉണ്ടു്? ധനവാനോ? ദരിദ്രനോ? “പണിപണി”

---

“കോപം സംഹരിച്ചാലും, സംഹരിച്ചാലും സ്വാമിൻ!”
വേപിച്ചു വിണ്ണോർ വിണ്ണിലിവിധം ചൊല്ലുംതന്നെ
മുപ്പുരാന്തകനേത്രം വിട്ടോരാ മഹാവഹ്നി
മുററുമേ വെണ്ണീറാക്കിത്തീർത്തിതു മനോജനെ. 72
ഉൽക്കടവ്യസനത്താലിന്ദ്രിയമെല്ലാം മൂടി-
ച്ചിക്കെന്നാരതിക്കപ്പോഴാണ്ടൊരാമഹാ മോഹം
പ്രാണവല്ലഭനാശബാധത്തെക്കെട്ടുകയാൽ
കാണിയങ്ങുപകാരമായിത്താൻ ചലഞ്ഞിതു. 73
തൻതപോനിഷ്ഠയ്ക്കേവംവിഘ്നമായ്ഭവിച്ചോരു
മന്മഥൻതന്നെ, വജ്രം വൃക്ഷത്തെയെന്നപോലെ,
ഭഞ്ജിച്ചങ്ങുടൻ നാരീസമ്പർക്കമകററീടാൻ
ഉന്നിത്തൻ ഭൂതങ്ങളൊത്തീശനും മറഞ്ഞുതേ. 74
ഉന്നതശിരസ്സാകുമച്ഛനുള്ളാകാംക്ഷയും
തന്നുടെ സൗന്ദര്യവും വ്യർത്ഥമെന്നോർത്തു ഗൗരി,
തൽസഖീജനം കാണ്കെയേററവും ലജ്ജിച്ചപ്പോൾ
താന്തയായ്പ്പണിപ്പെട്ടുപോയാൾതൻഗൃഹംനോക്കി.
രുദ്രസംരംഭംമൂലം പേടിച്ചു കണ്ണടച്ചു (75
വിദ്രുതം വിറകൊള്ളും തൻതനുജയെയദ്രി
വെള്ളാന കൊമ്പിന്മേലപ്പദ്മത്തെയെന്നപോലെ
വെമ്പലോടെടുത്തുതൻ പാണിയിൽ, കുതികൊണ്ടാൻ.

(കാമദഹനം എന്ന മൂന്നാംസർഗ്ഗം കഴിഞ്ഞു)

# സോദരീസോദരന്മാർ
## അഥവാ
# പാഞ്ചാലീപരാഭവം.

(ഡോക്ടർ, കോയാത്തു കൊച്ചുണ്ണിമേനോൻ.)

—: തുടർച്ച് :—

ഇങ്ങിനെയോരോരോതത്ത്വോപദേശത്താൽ
ശൌരിയായ് ദേവനം നിർത്തിടുംഞാൻ
എന്നിട്ടും കേട്ടില്ലെന്നാകിലന്നന്ധനാം
മന്നവമൂഢനെ നിഗ്രഹിക്കും.
അത്രയുമല്ലാ, നരേന്ദ്രനെസ്സന്മാർഗ്ഗ-
വൃത്തിയിൽനിന്നുമകത്തിനിർത്തി,
മിത്രാന്തഭാവത്തിൽ വർത്തിച്ചുവാഴുന്ന
ശത്രുക്കളെയുമേ കൊന്നൊടുക്കും.
എന്തിന്നതൊക്കെയും ചൊല്ലുന്നു നാമിനി-
സ്സന്തതിപോയിട്ടേ ഫലവാദം?
അന്നുഞാൻദ്വാരകയിങ്കലില്ലായ്കയാ-
ലിന്നങ്ങന്നിങ്ങിനെ ദുഃഖിതനായ്
പ്രത്യാഗമിച്ചപ്പോളീദുഃഖവാർത്തകൾ
സാത്യകിവന്നെന്നെ ബോധിപ്പിച്ചു.
വൃത്താന്തമീവിധം കേട്ടവാറത്യന്ത-
സന്താപം പൂണ്ടിങ്ങു വന്നുചേർന്നു.
ദ്യൂതകാലത്തുഞാൻ "സാല്വ"സമരത്തിൽ
നിരതനായ് പോരിലേപ്പെട്ടിരുന്നു.
തന്മൂലം ഞാനറിഞ്ഞില്ലിതു കൌരവ-
ക്കുന്മൂലനാശത്തിൻ നാന്ദിന്യാസം.
വെള്ളംതലയ്ക്കുമേൽ വന്നാലതിന്നുമേൽ
വെള്ളമെന്നല്ലയൊരാപ്തവാക്യം?
ആപത്തതിന്നുമൊന്നുണ്ടാം നിവാരണം
ധൂപത്തിന്നാശുഗനെന്നപോലെ.
മേലാക്കം വേണ്ടതുനോക്കിടാം ഞാനിനി-
മേലാക്കം മാലകക്കാമ്പിൽ വേണ്ടാ."
സാന്ത്വനമാകുമിത്താലവൃന്തത്തിനാൽ
കൌന്തേയന്മാരെയും കൃഷ്ണയേയും
വീശിക്കുളുർപ്പിച്ചു കൃഷ്ണൻ തൻ, വാരൊളി
പൂശിയപുഞ്ചിരിച്ചന്ദ്രികയിൽ.

പഞ്ചാനുരാഗപയോധിപരിവൃതേ!
പാഞ്ചാലി! പഞ്ചേന്ദ്രിയാനന്ദനി!
അച്ഛമാംഭാരതത്തിന്നു മറെറന്തു, നിൻ
സച്ചരിതംപോലൊന്നൊച്ചയേററി?
പുച്ഛമായ് നിന്റെ പേരുച്ചരിക്കുന്നോരെ-
പച്ചപ്പൊയ്യെന്നല്ലാതെന്തുചൊല്ലാം!
പാവനപാവകനെയും പഴിച്ചിടും
ഭാവനാവൈഭവലേശശൂന്യർ.
തിഷ്യം, തപനനും, ചാരിത്രശുദ്ധിയിൽ
നിഷ്യമായ്നിന്നാലാ,രാരോ,മേലെ?
സാവിത്രി,സീതാ,സതി,ദമയന്തികൾ,
കേൾവികേട്ടുള്ള സതീരത്നങ്ങൾ,
കാഴ്ചക്കു കോമളപ്പൂവണിച്ചെണ്ടുകൾ,
കാറിലൊളിക്കും തടില്ലതകൾ.
ഇന്നതിൽ ദ്രൌപദിക്കാരൊരാൾ മേലേയോ,
താഴെയൊ,യെന്നു കഥിക്കവയ്യ.
അന്നത്തെ മാതൃകാസ്ത്രീകളെപ്പോലവെ-
യിന്നുമുണ്ടോന്നു രണ്ടംഗനമാർ.

---

എന്നുപറഞ്ഞുവെല്ലാ എന്താണ് പണി?, എന്താണതിൽ ശമ്പളം? എന്ന സംഗതികളെ എന്നോടുകേൾപ്പിക്കാൻ വിരോധമില്ലെങ്കിൽ അതു സത്യമായി പറയുവിൻ. ഞാനൊരേടത്തധികസമയം ഇരിക്കുകയില്ല. എന്നിൽനിന്നു കിട്ടേണ്ടതെന്താണെന്നും സ്വരൂപവിവരണപൂർവ്വം പറയുവിൻ. എന്റെ ഒരുമിച്ചുവരാൻ സൌകര്യമില്ലെങ്കിൽ ഞാൻ നിർബ്ബന്ധിക്കുന്നില്ല. സംഭാഷണം എത്തിയ ദിക്കിൽനിൽക്കട്ടെ. ഇനി എപ്പോഴെങ്കിലും, എവിടെയെങ്കിലുംവെച്ചുകാണുമ്പോൾ ആവൎത്തിക്കാം; അല്ലെങ്കിൽ മററാരോടെങ്കിലും ചോദിച്ചു സാമാധാനപ്പെട്ടുകൊൾവിൻ; എനിക്കു യാതൊരു വിരോധവുമില്ല. ചിലരെല്ലാം എന്നെക്കാണുമ്പോൾ ചിലതു ചോദിക്കാറുണ്ട്. അവരോടു ചിലതു പറഞ്ഞു മാറിപ്പോകാറുമുണ്ട്. നിങ്ങൾ ചെയ്ത ചോദ്യം ആമാതിരി ആയിരിക്കയില്ലെന്ന് "അകത്തോ, പുറത്തോ സുഖം" എന്നു കേട്ടപ്പോൾ ഞാൻ ധരിച്ചു. അതുകൊണ്ടാണ് ഇത്രനേരം സംസാരിച്ചത്. ഇനി തുടരുന്നതായാൽ എളുപ്പത്തിൽ അതിവേഗത്തിൽ അവസാനിക്കയില്ല. പിന്നെ നിങ്ങളെ നന്നായി മനസ്സിലാക്കാതെ പറവാനും പാടില്ല. അതുകൊണ്ടു ഞാൻ ആവശ്യപ്പെട്ട സംഗതികളെ നിങ്ങൾ ഓരോന്നായി പറഞ്ഞു എന്നെ ബോദ്ധ്യപ്പെടുത്തുവാൻ സന്തോഷവും സമയവും നിങ്ങൾക്കത്യാവശ്യവുമാണെങ്കിൽ ആയതിന്നൊരുങ്ങുവിൻ.

# ഒളിഞ്ഞുകിടക്കുന്ന നിശ്വാസങ്ങൾ.

(ശ്രീ. എം. രാധാദേവി, കമലാലയം, വെള്ളിമദത്തൂർ)

നൈസർഗ്ഗികശോഭയോടുകൂടിയ ഈ ചികിത്സാകേന്ദ്രം നിശ്വാസങ്ങൾ നിറഞ്ഞ ഒരു പുഷ്പവാടിയാണ്. വാടിയ പല പുഷ്പങ്ങളും ഇവിടത്തെ നവനവങ്ങളായ തുഹിനാംശുപാതത്താൽ പൂർവ്വകാന്തിയെ പ്രാപിയ്ക്കാറുണ്ട്. വിടരാത്ത ചില കുസുമങ്ങൾ വിടർന്നു സുഗന്ധം പരത്താറുമുണ്ട്. ചിലപ്പോൾ ഞെട്ടററ പുഷ്പങ്ങൾ തങ്ങളുടെ സുകോമളദളങ്ങളെ അവനിയുടെ പാദങ്ങളിൽ അർപ്പണവും ചെയ്യാറുണ്ട്. ശുഷ്കങ്ങളായ ചില പഴമ്പൂക്കൾ മണ്ണോടലിഞ്ഞു ചേരാറുണ്ട്. ശാസ്ത്രത്തിൻെറ പുരോഗതി, പ്രകൃതിയുടെ വികൃതിക്കയ്യിനെ പിടിച്ചുനിർത്തി, കരിയാൻ തുടങ്ങുന്ന ഒട്ടനേകം പൂമൊട്ടുകളിൽനിന്നും ആ നാശഹേതുക്കളായ ചെറുപ്രാണികളെ നിഷ്കാസനം ചെയ്യാറുണ്ട്.

ഈ മനോഹരാരാമത്തിലെ ഓരോ ഇലയ്ക്കിടയിലും ഓരോ ഇതളിന്നിടയിലും പോയി ഒന്നു ചെവിയോർത്തുനോക്കൂ, നിങ്ങൾക്ക് കേൾക്കാം—പ്രശാന്തമായ അന്തരീക്ഷത്തിൽ വികാരാവേശത്താൽ തിരതല്ലുന്ന ഭാവാത്മകങ്ങളായ ശതശ്ശതം നിശ്വാസങ്ങൾ! ചിലത് ആശ്വാസത്തിൻേറതായിരിയ്ക്കാം, ചിലത് നിരാശയുടേയും. ഇവിടെ ജാതിമതഭേദമില്ല. മുല്ലപ്പൂക്കളോടൊപ്പം പുല്ലിൻപൂക്കളേയും നിങ്ങൾക്ക് കാണാം. അവയ്ക്കു ഇവിടെ വളരാനുള്ള പ്രാപ്തിയുണ്ടായാൽമതി.

തളർന്ന ചില കൌമാരതളിരുകൾ തങ്ങളുടെ പഴയ വസതികളേയും പഴയ കൂട്ടുകാരേയും സ്മൃതിപഥത്തിൽ ദർശിച്ച് ആർത്തിനിറഞ്ഞ നേത്രങ്ങളോടുകൂടി കളിക്കോപ്പുകളെ ദൂരെ വലിച്ചെറിഞ്ഞു മുററത്തേയ്ക്കു നിർന്നിമേഷരായി നോക്കുന്നതു് ഇവിടെ നിങ്ങൾക്കു കാണാം. ഏതെങ്കിലുമൊരു വണ്ടിയുടെ 'കടകട' ശബ്ദം മതി അവരുടെ ഭാവനയ്ക്കു പൊൻചിറകുകൾ നൽകി അതിനെ തങ്കക്കിനാവുകൾ നിറഞ്ഞ ഒരു മനോജ്ഞവാടിയിലേയ്ക്കു നയിയ്ക്കുവാൻ. ജീവിതത്തിൻെറ ഉത്സാഹപരിപൂർണ്ണമായ ഭാഗം സുഖഭോഗങ്ങൾക്കായി വിനിയോഗിച്ച ചില വൃദ്ധദേഹങ്ങൾ പഴയ ഏടുകളെ മറിച്ച് വ്യസനപൂർവ്വം തലകുനിച്ചിരിയ്ക്കുന്നതു് ഇവിടെ ഒരു സാധാരണമായ കാഴ്ചയാണ്. യൌവനത്തിലെ ഉല്ലാസഭരിതങ്ങളായ ആശകളുടെ രോദനങ്ങൾ ചില മുറികളിൽനിന്നും അലച്ചുവരുന്നതു് സൂക്ഷ്മപരിശോധകർക്കു കേൾക്കാൻ സാധിക്കും. നവജീവിതത്തിലേയ്ക്കു കാലെടുത്തു കുത്തുവാൻ സസന്തോഷമൊരുങ്ങിയ സുകുമാരകളേബരങ്ങളുടെ—ശാന്തിപൂർണ്ണവും ആഹ്ലാദപ്രദവുമായ ഒരു സുഖജീവിതത്തെ ഭാവനാലംകൃതമായി ദർശിച്ചിരുന്ന ജിജ്ഞാസുക്കളായ ഹൃദയങ്ങളുടെ,—മർമ്മഭേദികളായ നെടുവീർപ്പുകൾ ഇവിടെ കേൾക്കാവുന്നതാണ്. അപൂർവ്വം ചില അവസരങ്ങളിൽ ദുർവ്വിധിയുടെ കരാളദംഷ്ട്രങ്ങൾകണ്ട് ഒരിയ്ക്കലും നടുങ്ങാത്ത സുസ്മേരവദനങ്ങൾ ബാലഭാസ്കരൻെറ കിരണകന്ദളങ്ങളെപ്പോലെ ഈ പ്രദേശത്ത് ഒളിവീശാറുണ്ട്.

സുഖക്കേടുകളിൽനിന്നും പരിപൂർണ്ണമായി മോചനം സിദ്ധിച്ച് തങ്ങളുടെ പഴയ ജീവിതത്തിലേയ്ക്കു തിരിച്ചുപോകുവാൻ ഉത്സാഹത്തോടുകൂടി പുറപ്പെടുന്നവരുടെ മൂളിപ്പാട്ടും ഈ മന്ദിരം നിരവധിപ്രാവശ്യം ശ്രവിച്ചിട്ടുണ്ട്. ഇവിടത്തെ ചില നിവാസികളുടെ മാതാപിതാക്കന്മാർ പൊഴിച്ച ആനന്ദാശ്രുക്കളാൽ ആ തറ നനഞ്ഞിട്ടുണ്ട്. സ്വസന്താനങ്ങളുടേയോ പ്രിയബന്ധുക്കളുടേയോ അകാലവിയോഗത്താൽ ഹൃദയം പിളർന്നു വരുന്ന തേങ്ങലിനെ അമർത്തിപ്പിടിച്ചു ശോകാകുലരായി ബഹിർഗ്ഗമിയ്ക്കുന്ന വാത്സല്യനിധികളുടെ തപ്തബാഷ്പത്തിലും ഈ ചെറിയ മണ്ണിൻതരികൾ ആറാടിയിട്ടുണ്ട്. നടക്കുവാൻകൂടി ശക്തിയില്ലാത്തവർ ദൃഢഗാത്രരായി പുറത്തേയ്ക്കു പോയിട്ടുണ്ട്. ആ കാഴ്ച സോല്ലാസം കണ്ടുനിൽക്കുന്ന സൌഹാർദ്ദസമ്പൂർണ്ണങ്ങളായ അക്ഷികളുടെ മനോമോഹനമായ ഭാവം ഈ വേപ്പുവൃക്ഷങ്ങൾക്കു ചിരപരിചിതമാണ്. ഇത്രയുംകാലം തങ്ങളോടൊരുമിച്ചു ജീവിതം നയിച്ചു വിട്ടുപോകുന്ന ഭാഗ്യവാന്മാരെ കിടക്കയിൽ കിടന്നുകൊണ്ടുതന്നെ ദീനഭാവത്തോടെ നോക്കുന്ന മറുചിലരുടെ ദുഃഖത്തി

---

പണ്ടതേതതിൽപ്പരം ശാസ്ത്രവെളിച്ചങ്ങൾ
കണ്ട"വിജയ","സരോജിനി"കൾ.
മന്നിതിൽപ്പണ്ടുള്ളോരാർഷസംസ്കാരത്തിൻ
പിന്നിൽപ്പിറന്നസൌദാമിനികൾ-
സുന്ദരപ്രേമാഭിമാനിനി; ചാരിത്ര്യ-
മന്ദാരമഞ്ജുളമഞ്ജരി! നീ
വീരപത്നിമുടിത്താരയായ്, പാർഷതി!
ഭാരതകീർത്തി പുലർത്തുകെന്നും!

സമാപ്തം,

ൾ അവ സഹതപിയ്ക്കാറുണ്ട്. വളരെ നിസ്സാരവസ്തുക്കളിൽപോലും എന്നുമററ വിചാരങ്ങളെ കുത്തിവെച്ചു അവയെ വികാരപരിക്ഷുബ്ധമാക്കിത്തീർക്കുന്നതിന്നുള്ള കഴിവ് ഈ അന്തരീക്ഷത്തിന്നുണ്ട്.

ഇവിടെ കാലെടുത്തുവെയ്ക്കുന്നവരുടെ ലക്ഷ്യം ഒന്നുതന്നെയാണ്—ആരോഗ്യപ്രാപ്തി. എന്നാൽ എന്തു വൈവിധ്യം! നവകുസുമിതസുമങ്ങളും, വാടിയ ലതകളും, മുരടിച്ച വേരുകളും!—ദുർവ്വിധിവൈപരീത്യത്താൽ ഒരേപോലെ മർദ്ദിതമായവ! എത്രയെത്ര ഭാവങ്ങളും രസങ്ങളും വികാരങ്ങളും ഉൾക്കൊള്ളുന്ന നിശ്വാസങ്ങൾ!

പ്രിയകുടുംബത്തെ മനമില്ലാമനസ്സോടെ വിട്ടുവന്ന അച്ഛന്മാരുടെ ചുടുനെടുവീർപ്പുകളിലലിഞ്ഞുകിടക്കുന്ന കാമിനീവ്യഥയും കളിത്തോഴികളോടും സ്നേഹിതന്മാരോടും വിടവാങ്ങി ആരോഗ്യരക്ഷാർത്ഥമെത്തിയ യുവതീയുവാക്കന്മാരുടെ നോട്ടങ്ങളിലന്തർലീനമായിരിക്കുന്ന നൈരാശ്യവും, പൈറുസന്താനങ്ങളെ അന്യരുടെ പക്കൽ സമർപ്പിച്ച് ഗത്യന്തരമില്ലാതെ സൌഖ്യലബ്ധിക്കായി വന്നുചേർന്ന അമ്മമാരുടെ കണ്ണുനീർത്തുള്ളികളും, പ്രിയപ്രേയസികളോട് യാത്രപറഞ്ഞുവന്ന പ്രേമഗായകന്മാരുടെ വിരഹവേദനയും തിങ്ങിവിങ്ങുന്ന വിവിധവികാരങ്ങളോടുകൂടി അതേ മരങ്ങൾ കാണാറുണ്ട്.

സായന്തനവേളയിൽ ഈ സ്ഥലത്തെ വിജനവീഥികളിൽ ഉലാത്തുവാനിച്ഛിച്ച് ചിലർ ഈ പരിസരങ്ങളിൽ ചുററിത്തിരിയാറുണ്ട്. ഇവിടുത്തെ നിവാസികളിൽ കുറച്ചുദൂരം സഞ്ചരിയ്ക്കുവാനനുവാദം ലഭിച്ചിട്ടുള്ളവർ അവരുടെ സ്വാതന്ത്ര്യവിഹാരത്തെ അത്യാശയോടുകൂടി സൂക്ഷിക്കാറുണ്ട്.

സുഖവാസസ്ഥലവും ചികിത്സാലയവും ഒരുമിച്ച് ചേർന്നിട്ടുള്ള ഈ പ്രദേശത്തിന്നു പല വിചാരങ്ങളേയും ഉരുക്കിമാററുവാനുള്ള ശക്തിയുണ്ട്. ഇവിടെ നാസ്തികന്മാർ ആസ്തികന്മാരാവാറുണ്ട്. ചിലസമയത്തു അത്യാഗ്രഹികളായ ആസ്തികന്മാർ നാസ്തികന്മാരായും പരിണമിയ്ക്കാറുണ്ട്. വിഷാദാത്മകന്മാർ പ്രസാദാത്മകന്മാരാകാറുണ്ട്. സഹൃദയത്വം നിറഞ്ഞുതുളുമ്പുന്ന ഉല്ലാസഗായകന്മാരായ പല കലാകാരന്മാരുടേയും തൂലികകൾ, വഴിമാറി, കരുണരസപ്രധാനങ്ങളായ സരണികളിലൂടെ സശോകം പ്രവഹിയ്ക്കാറുണ്ട്. ഇരുട്ടും വെളിച്ചവുംചേർന്ന ഒരു ലോകം തന്നെയാണിവിടേയും—എന്നാലിതിലന്തർഭവിച്ചുകിടക്കുന്ന നിശ്വാസങ്ങൾക്കു മാത്രം ഒരു പ്രത്യേകത! അതു് സാധാരണ മററു സ്ഥലങ്ങളിൽ സർവ്വദാ കാണുകയില്ല!!

ആശ്വാസം നിറഞ്ഞ ഹൃദയങ്ങളും ഇവിടെയുണ്ട്. സമാധാനത്തോടുകൂടി പലരും ഇതിന്നുള്ളിൽനിന്നു സുമധുരമായ ഗൃഹജീവിതം നയിക്കുവാൻ പോയിട്ടുണ്ട്. അവരെല്ലാവരും ഈ മന്ദിരത്തെ അനുഗ്രഹിച്ചിരിക്കാം. ഇതിലെ ഓരോ കല്ലുകൾക്കും അവരുടെ സ്മൃതികളുണ്ടായിരിക്കാം.!! നൂതനങ്ങളായ പല മാററങ്ങളും വന്നുചേർന്നുകൊണ്ടിരിയ്ക്കുന്നതിന്നിടയിൽ ആ അചേതനവസ്തുക്കൾ അവയെ വിസ്മരിച്ചതായി ഏതു സഹൃദയനാണു വിചാരിയ്ക്കാൻ സാധിക്കുക? അപരിഹാര്യമായ നഷ്ടം പററിയവർകൂടി ഇതിനെ ഓർക്കുന്നുണ്ടാവാം!—പൊയ്പ്പോയ വാത്സല്യഭാജനങ്ങൾ കുറച്ചുകാലത്തേയ്ക്കു താമസിച്ച ഒരു പാവനനിലയമായി! ഇങ്ങിനെ പല സ്മരണകളും നിറഞ്ഞതാണ് ഈ സ്ഥലം.

മന്ദാനിലാന്ദോളിതമായ ഈ പുൽക്കൊടികളോടൊന്നു ചോദിച്ചുനോക്കൂ!—പ്രശാന്തരമണീയമായഭാഗങ്ങളിൽ തളിർത്ത മരങ്ങളുടെ ഗഹനച്ഛായയിൽ ചാരുകസേലയിൽക്കിടന്നു പുസ്തകം മടിയിൽവെച്ചു കണ്ണെത്താത്ത ദൂരത്തു് നിവസിക്കുന്ന സ്നേഹപാത്രങ്ങളെപ്പററി സ്വപ്നംകാണുന്ന യുവതികളുടെ ആശാതരംഗങ്ങളിൽ ആഞ്ഞടിച്ചു നിർഗ്ഗമിക്കുന്ന നിശ്വാസങ്ങളുടെ താപം എത്രമാത്രം ഏററിട്ടുണ്ടെന്ന്! നീറുന്ന ഹൃദയങ്ങളോടുകൂടി എത്രയെത്ര പ്രണയിനികൾ ഈ പടികൾ ചവിട്ടിയിറങ്ങിയിട്ടുണ്ടെന്ന്! അനവധി നാഴികയകലെ ഇവിടുത്തെ ക്ഷീണിച്ച മനസ്സരോജങ്ങളെ ആശ്വസിപ്പിയ്ക്കുവാൻ സ്നേഹാധിക്യം മൂലമുള്ള ഉത്സുകതയോടുകൂടി കാത്തിരിയ്ക്കുന്ന ഹൃദയങ്ങളുടെ ശക്തിയേറിയ സ്പന്ദനങ്ങൾ എത്ര പ്രാവശ്യം കേട്ടിട്ടുണ്ടെന്ന്? അവ നിങ്ങൾക്കു തീർച്ചയായും ഉത്തരം നൽകാതിരിക്കയില്ല. നിങ്ങൾക്കവയുടെ മൌനഭാഷയെ മനസ്സിലാക്കത്തക്ക ത്രാണിയുണ്ടാകണമെന്നേയുള്ളൂ.

ഈ മുറികളുടെ ചുവരുകൾക്കു സശ്രദ്ധം ചെവികൊടുക്കൂ—അവ പറഞ്ഞുതരും, എത്രപേർ ആ മെശപ്പുറത്തുകിടന്നു ജീവിതമരണങ്ങൾക്കിടയിലുള്ള അജ്ഞാതപ്രതീക്ഷയിൽ ജഗദീശ്വരനോട് ഉള്ളഴിഞ്ഞു് പ്രാർത്ഥിച്ചു മിനിട്ടുകളെ ദിവസങ്ങളാക്കി തള്ളിനീക്കി താൽക്കാലികവിസ്മൃതിയടഞ്ഞു രക്ഷപ്പെട്ടിട്ടുണ്ടെന്ന്! എത്രപേർ ആ താൽക്കാലിക വിസ്മൃതിയിലൂടെ ചിരവിസ്മൃതിയെ പ്രാപിച്ചിട്ടുണ്ടെന്ന്! എത്ര വ്യസനപൂർണ്ണങ്ങളായ വിചാരങ്ങൾ ദൂരത്തുനിന്നും കാററിൽ

# എൻെറ പരിതാപം.

(ശ്രീ. കെ. അച്യുതരാജ്യാതയ്യർ, മഞ്ഞളൂർ.)

II

ഭ്രമാ,വായോയനം,സ്യാ,ദതികഠിനതരം,
സർവ്വദാരിദ്ര്യബീജം
ന്ഹീനാം,വസ്ത്രം,പ്രധാനം,തപിതി,നിജമനസാ,
ചിന്തയൻ,പൂർവ്വമേവ
ഭക്തേഭ്യഃ,ഖാദിവാസോരചനവിധി,രസൌ,
സോപദിഷ്ടോ,വിശിഷ്ടോ
യേനാസ്മൈ,നിത്യ,മസ്തു,പ്രണതിതതി,രിയം,
ദീർഘസന്ദർശനേ,തെ.
സത്യാഗ്രഹനിരാഹാര-വ്രതചക്രാകലാദയഃ
യസ്യാ,ദപിജിതപരാ,ജാതാ-നതി,സ്തസ്മൈ.മഹാത്മനേ.
പുരാരാജ്യപ്രാപ്ത്യൈകഠിനതരയുദ്ധം നരവരൈഃ (1
കൃതംഘോരൈർബ്ബാണൈരസിമുസലമുഖ്യായുധചയൈഃ
ക്ഷമാമുഖ്യാസ്ത്രേണക്ഷിതിതലമഹോഭാരതമിദം
ജിതംയേനപ്രേമ്ണാഭവതുമഹതേതേമമനതിഃ 2
ഹേമർത്ത്യാ,ഭജത,ക്ഷമാ,മിഹ,മദ,
സ്ത്യാജ്യോ,ഭവദ്ഭി,സ്സദാ
സത്യം,സംവദത,ത്രിഭിസ്തു,സകലം,
സംസാദ്ധ്യ,മസ്മാദൃശാം
സത്യേന,ക്ഷമയാ/മദേന,ചക്രവാൽ
ക്ഷോണീതലം,ഭാരതം
ക്രൂരാക്രാന്ത,മഹോ,ജിതം,സമഹതാ,
ശ്രീഗാന്ധിനാ,പശ്യത. 3
ഏകസ്യാ,ദിതരത്ര,യാത്യധികൃതീ
രാഷ്ട്രസ്യ,തന്ത്യക്ഷയോ
ഭൂയാംസ്തത്സമയേ,ഭവൽബഹുവിധ,
സ്തേപവം,പുരാണോദിതം
ആംഗ്ലേയാ,ദപലബ്ധ,മദ്യമഹതാ,
ശ്രീഗാന്ധിനാ,ഭാരതം
രാഷ്ട്രം,വീതവിനാശ,മത്രസകലാ,
സ്തുഷ്യന്തി,ഘോഷ്യന്തിച 4
ഹേഭാരതാംബ,ഭവതി-സഹതേ,കഠനം,കഥംനു,മുക്തി
(ജാതം
അത്യാഹിതംഭവത്യാ,-സ്സദ്വോല്ക്കൃഷ്ടസ്യ,പുത്രസ്യ.
ആദനത്തും,സദ്ഗുണാം,തപ-മാംഗ്ലേയാസ്സക്ല സഘലതഃ(5
(കതിശഃ
കാരാലയം,പ്രവിഷ്ടോ,വി-ഗതാന്നസ്സൻനിനായ,ബ
(ഹുവാരം. 6

---

പാറന്നുവന്ന ഈ നിഗ്ഗ്രഢനിശ്വാസങ്ങളിൽ ലയിച്ചിട്ടുണ്ടെന്നു്! ജ്വരബാധിതമായ ശരീരങ്ങൾക്കുള്ളിലുള്ള “മൃദുലതന്ത്രികൾ മുറുകെമീട്ടി” എത്ര“ഹൃദയവല്ലകി”കൾ ശിഥിലമായിപ്പോയിട്ടുണ്ടെന്നു്? ഇനിയും അനേകം വാർത്തകൾ അവയ്ക്കു് നിങ്ങളെ പറഞ്ഞുകേൾപ്പിയ്ക്കാൻ കഴിയും.

ഇവിടെ അനുഗൃഹീതരായ ചിലർ തങ്ങളുടെ പൊലിഞ്ഞുപോയ ആശാദീപങ്ങളെ വീണ്ടും ഉജ്ജ്വലങ്ങളാക്കുവാൻ സാധിച്ചിട്ടുണ്ടു്. ജീവിതഗാനത്തിലെ ശോകധ്വനിയെ മായ്ക്കാൻ കഴിഞ്ഞിട്ടുണ്ടു്. നിർഭാഗ്യക്കൂരിരുട്ടിനെ മറന്നു് പ്രകാശമാനമായ ഒരു ഭാവിയെക്കുറിച്ചു് സുഖസ്വപ്നങ്ങൾ കാണാൻ ചിലർ ശക്തരായിട്ടുണ്ടു്. അവരിൽനിന്നും വികാരനിർഭരങ്ങളായ നിശ്വാസങ്ങൾ പുറത്തുവരാറുണ്ടു്—ശാന്തിയും സമാധാനവും നിറഞ്ഞവ!

ഇങ്ങിനെ പലതും ഇവിടെ അലഞ്ഞുനടക്കുന്ന ചെറുകാററിൽ നിക്ഷിപ്തമായിട്ടുണ്ടു്. പക്ഷെ അവയെ ആരാഞ്ഞു കണ്ടുപിടിച്ചു അവയിൽ അന്തർലീനമായിരിക്കുന്ന തുടിപ്പുകളെ കേൾക്കുന്നവർ വളരെ ചുരുക്കം. ചലച്ചിത്രവും സ്വനഗ്രാഹിയന്ത്രവുമായി കഴിഞ്ഞുകൂടുന്നവർക്കു് ഇതെല്ലാം ശ്രദ്ധിയ്ക്കുവാൻ സമയമെവിടെ?

അതെ, ഇതൊരു സുമസമൃദ്ധിയുള്ള ആരാമം തന്നെയാണു്! ചേതസ്സമാകർഷകമായ ഈ പൂവാടിയുടെ സൌന്ദര്യം അതിശയനീയം തന്നെയാണു്. ആദ്ധ്യാത്മികതത്വങ്ങളെ ആവിഷ്കരിക്കുന്നവയാണു് ഇവിടത്തെ നെടുവീർപ്പുകൾ. ഈ പുഷ്പങ്ങളിൽനിന്നും ചിന്താനിറഞ്ഞ തപ്തനിശ്വാസങ്ങൾ ഒരു സമയത്തു പുറത്തേയ്ക്കു വരുന്നു. ചിലപ്പോൾ സന്തുഷ്ടിയും സമാധാനവും തുളുമ്പുന്ന നെടുവീർപ്പുകൾ നിർഗ്ഗമിക്കുന്നു. ഈ വിധത്തിൽ അവ ദുഃഖപര്യവസായിയായ സുഖത്തേയും സുഖപര്യവസായിയായ ദുഃഖത്തേയും എടുത്തുകാണിക്കുകയല്ലെ? ഈ അനർഘതത്വങ്ങളെ തെളിയിക്കുന്ന ഒരാരാമം വേറെ എവിടെ കാണുവാൻ സാധിയ്ക്കും?

ആംഗ്ലേയാസ്സുരഗണൈതഃ-കൃഷ്ണ്ണാ,ദാനീയ,ഭൂതലേ
ഹൃതകൃത്യാം,ചകാര,ത്വാം,-യ,സ്സ്വം,ഗാന്ധിന,മസൂത 7
അനർഘപുത്രരത്നം,ത്വം,-തത്യാജിഥ,കിം,മംബികേ
ഏവം,ഗുണോല്ക്കടം,പുത്രം,-ലഭേ,സ്വല്പം,കിമതഃപരം 8

ശ്രീമദ്രാഘവനന്ദജപ്രഭൃതയഃ
പംക്ത്യാനനാദീൻ,ഖലാൻ
കൃഷ്ണേനൈവ,നിഹത്യ,ഭക്തനിവഹാൻ,
പൂർവ്വം,രരക്ഷുഃ, കില.
ദുഷ്ട്യാദ്യർക്ഷമയാ,ച,സാന്ത്വവചനൈ,
ദുഷ്ടാംശ്ച,ശിഷ്ടാനഹോ
കൃഷ്ണൻ,യ,സ്സകലാൻ,രരക്ഷ.മഹതേ
ശ്രീഗാന്ധിനേസ്മൈ,നമഃ. 9

ശ്രീമത്സ്വർജ്ജിബ്ദകേ,മകരമാ-
സേ,ഷോഡശാഹന്യക്കഭേ
വാരേ,ഗുരോസ്സ്യ,വളർക്ഷപഞ്ചമിയുതേ,
ലഗ്നേ,കളീശ,ക്ഷമാം
ത്യക്ത്വാ,പാദേഷ്ടി,മഹോക്ഷമാം,ക്ഷമവതാ,
മഗ്രേ,സരോദ്യാകസാം
ല്ലോകം,പ്രാപ,സുരർഷിവൃന്ദലസിതം,
ശ്രീമന്മഹാത്മാ,വിഭുഃ 10

ജയതു,ജയതു,ശ്രീമൽഗാന്ധി,ചിരായ,സുപൂജിത-
സ്സകലജഗതാം,രക്ഷമാവാപ്തൈ,സമർപ്പിതമാനസഃ
ശമ,ദമ,മൈത്ര്യാദിക്കൾഷ്ട,ഗുണൈ,രതിശോഭിത
സ്സുശധര,ഇവപ്രാണിപ്രീതിപ്രദോ,ഭുവി,ചാപരഃ 11

സത്യ,സ്വാതന്ത്ര്യ,സാമ്യ,ത്രിതയ,മനുദിനം,
വർണ്ണഭേദേന,ഭക്താ-
നത്യൂർജ്ജം,ദർശയന്തം,ധ്വജവര,മനഘം;
സംവഹന്തീം,ജ്വലന്തീം
ശത്രൂൻ,വിദ്രാവയന്തീ,മഭയ,വരദ,ച
ക്രോജ്ജ്വല,ദ്വാരഹസ്താം
താം,“വന്ദമാതരം”സജ്ജനലസിതപദാം,
ഗാന്ധിനാം,മന്ത്ര, ഏഷഃ. 12

വന്ദേമാതര,മിത്യുദീരയത,ഭോ,
സ്സത്യം,സമത്വം,സദാ
സ്വാതന്ത്ര്യം,നിജവർണ്ണഭേദവശത,
സ്സന്ദർശയന്തം,ധ്വജം
ബിഭ്രാണാം,മുദനാ,കരേണകുതുകാ-
ദേകേന,ചാന്യേനവാ
ചക്രാം,ലോകവിജിത്വരാം,സ്മിതമുഖീം,
ഭക്താവൃതാ,മീശ്വരീം. 13

# വള്ളത്തോൾ മംഗളം.

(പാരിജാതം)

## I

ഭാഷാസാഹിത്യഭണ്ഡാരത്തിന്നു ഏകദേശം അരനൂററാണ്ടിലധികം കാലമായി അമൂല്യങ്ങളായ കവനരത്നങ്ങളാൽ അനശ്വരമായ“മുതൽക്കൂട്ട്”വർദ്ധിപ്പിച്ചു“കുടിൽമുതൽ കൊട്ടാരംവരെ” ആരാലും ആരാദ്ധ്യനും, ആരുടെ കണ്ണുകൾക്കും കല്പവൃക്ഷവും, അസാമാന്യയശസ്വിയുമായി പ്രശോഭിക്കുന്ന വള്ളത്തോൾ മഹാകവിയുടെ ഇക്കഴിഞ്ഞ തുലാം 7-ാംനു- 70-ാംവയസ്സു തികഞ്ഞ മഹാസുദിനത്തെ കേരളമണ്ഡലത്തിലെന്നു മാത്രമല്ല, മററു പല പ്രധാന സംസ്ഥാനനഗരങ്ങളിലും സാഘോഷം കൊണ്ടാടപ്പെട്ടിരിക്കുന്നു. മഹാകവിയെ യഥോചിതം ആരാധിപ്പാനും, അദ്ദേഹത്തിന്റെ അപദാനങ്ങളെ കീർത്തിപ്പാനും അദ്ദേഹവുമായി കലാപരമായി പ്രത്യേക ബന്ധമുള്ള ചെറുതുരുത്തി “കേരളകലാമണ്ഡല”ത്തിന്റെ ആഭിമുഖ്യത്തിൽ വിശേഷിച്ചു വിവിധങ്ങളായ ആഘോഷങ്ങൾ സമുചിതമായ ഒരു കാര്യപരിപാടിയനുസരിച്ചു നടത്തപ്പെടുകയുമുണ്ടായി. ആധുനികകാലത്തു് കേരളത്തിൽ മററൊരു സാഹിത്യകാരനും സിദ്ധിക്കാത്ത അതിപ്രശംസാർഹമായ ഒരു സ്ഥാനമാണു നമ്മുടെ മഹാകവിയ്ക്കു ഇന്നു ലബ്ധമായിട്ടുള്ളതു്. കാലാനുകൂലങ്ങളായ കവനതല്ലജങ്ങളാൽ ജനസാമാന്യത്തിന്നു എല്ലാനിലയിലും മനോവികാസവും, അദ്ധ്യാത്മജ്ഞാനവുമുളവാക്കുന്നവിഷയത്തിൽ മഹാകവി സ്വാർത്ഥോദ്ദേശമെന്യേ ചെയ്തിട്ടുള്ള തീവ്രപ്രയത്നങ്ങളോർക്കുമ്പോൾ അദ്ദേഹത്തോടുള്ള പാവനസ്മരണ കേരളത്തിന്നു, കേരളീയർക്കും ഏതുകാലത്തുമുണ്ടായിരിക്കുമെന്നുള്ളതിന്നു സംശയമില്ല. വിശേഷിച്ചു്, ഇന്നത്തെ രാഷ്ട്രീയഗതിയനുസരിച്ചു പ്രജായത്തസിദ്ധാന്തങ്ങളായപ്രവർത്തനങ്ങളിൽജനതയ്ക്കു അഭിരുചി കൈവരുത്തുവാനും, സ്വദേശത്തോടുള്ള ഭക്തിബഹുമാനാദികൾ എല്ലാവർക്കും ഉൽഭൂതമാക്കുന്നതിന്നുതകുന്ന ദേശഭക്തി ദ്യോതകങ്ങളായ കവനമാതൃകകൾ ധാരാളം നിർമ്മിച്ചുവിടുവാനും, തന്മൂലം പരക്കെ പ്രശംസയ്ക്കർഹനാകുവാനും മഹാകവിയെപ്പോലെ മററൊരു കവനകർത്താവിന്നും കേരളത്തിൽ ഭാഗ്യം സിദ്ധിച്ചിട്ടില്ല. അപ്രകാരമുള്ള കവനരത്നങ്ങൾ നമ്മുടെ മഹാകവിരത്നാകരം നാട്ടിന്നൊട്ടാകെ സംഭാവന

ചെയ്കയാലാണ് അദ്ദേഹത്തോടു സകല ദേശഭക്തന്മാക്കും, കൊച്ചി, തിരുവിതാംകൂർ, മദിരാശി തുടങ്ങിയ സംസ്ഥാനങ്ങളിലെ ഭരണാധികാരസ്ഥാനങ്ങൾക്കും നിസ്സീമമായ ബഹുമാനത്തിന്നിടവന്നിട്ടുള്ളതു്. അതേ, അതുകൊണ്ടുതന്നെയാണ് അദ്ദേഹം ഇപ്പോൾ കേരളത്തിലെ കേളികേട്ട രാജകീയമഹാകവികൂടി (Poet Laureate) ആയതെന്നു തീൎത്തുപറയാം. യഥാൎത്ഥകവികളുടെ മനോധൎമ്മമൎമ്മജ്ഞതയ്ക്കാസ്പദമായ കവനകലാനൈപുണ്യത്തെ ഇപ്പോൾ ഭരണാധികാരികൾകൂടി അറിയുവാനും, അവരെ യഥോചിതം ബഹുമാനിപ്പാനും തുടങ്ങിയിട്ടുണ്ടെന്നുള്ളതിന്നു ഉത്തമനിദൎശനമാണു ഇന്നു വള്ളത്തോൾ മഹാകവിയ്ക്കു സിദ്ധിച്ച ഈ മഹാമാന്യപദവി. ഒരു യഥാൎത്ഥകവിയുടെ ധൎമ്മം സദ്ധൎമ്മമാൎഗ്ഗത്തിലൂടെ ജനസാമാന്യത്തെ സഞ്ചരിപ്പിക്കത്തക്ക നിലയിലുള്ള തത്ത്വോപദേശം ചെയ്കയാണെന്നു കേരളീയകവികളുടെയിടയിൽ ഇദംപ്രഥമമായി പ്രസ്പഷ്ടമാക്കിയിട്ടുള്ളതു പ്രധാനമായി മഹാകവി വള്ളത്തോളാണെന്നു പറയുന്നതിൽ രണ്ടു പക്ഷമില്ല. അദ്ദേഹത്തിന്റെ അതിമനോഹരവും, പ്രശാന്തഗംഭീരവുമായ കവിതാപ്രസ്ഥാനത്തെ അനുകരിച്ചുകൊണ്ടുതന്നെയാണ് ഇപ്പോൾ ഏറിയകൂറും കേരളീയകവികൾ കവനകലാവ്യവസായത്തിൽ ബദ്ധശ്രദ്ധരായിരിക്കുന്നതു്. ആ നിലയ്ക്കു്, ഇന്നു കേരളീയകവികുലഗുരുകൂടിയായ വള്ളത്തോളവർകൾക്കു അദ്ദേഹത്തിന്റെ 70-ാം ജന്മതാരം സംബന്ധിച്ചു കേരളക്കരയിലുള്ള സകലജാതിമതസ്ഥരും ഭാവുകം നേരുവാൻ സന്നദ്ധരായതു എല്ലാനിലയിലും സ്വാഭാവികമാണ്.

കേരളീയരുടെ കണ്ണിലുണ്ണിയായും, കേരളസാഹിത്യക്ഷേത്രത്തിലെ കെടാവിളക്കായും, അഭിനവവാല്മീകിയായും, മലയാളിടാഗ്ഗൂറും മററുമായും പ്രകാശിക്കുന്ന നമ്മുടെ മഹാകവിയ്ക്കു ഈ സന്ദൎഭത്തിൽ സൎവ്വോപരി ആയുരാരോഗ്യഭാഗ്യാദികൾ നേരുവാൻ ഇവിടെ പ്രത്യേകിച്ചു വലിയ ഒരു കടമയാണുള്ളതു്. അകൃത്രിമവും, അഴകും, അന്തസ്സും തുളുമ്പുന്നതുമായ തന്റെ മനോഹരമായ തൂലികയാൽ ആദ്യംമുതൽക്കുതന്നെ അത്യന്തം വാത്സല്യത്തോടുകൂടിയാണ് അദ്ദേഹം പാരിജാതത്തെ അനുഗ്രഹബുദ്ധ്യാ പരിലാളിച്ചിട്ടുള്ളതു്. അങ്ങിനെ ജനനംമുതൽ അദ്ദേഹം പലപ്പോഴും നൽകിവന്നിട്ടുള്ള മനോമോഹനമായ കവനപീയൂഷമാസ്വാദിക്കുകയാലാണു കഠിനമായ കാലക്കേടിനാൽ സ്വതവേയുള്ള ശൈശവാരിഷ്ടത്തിന്നു ശക്തികൂടിയിട്ടും ഒന്നേകാൽ വയസ്സുമാത്രമായ പാരിജാതത്തിന്നു ഇന്നുള്ള യഥാൎത്ഥസാഹിത്യകാരന്മാരുടെ മുമ്പാകെ സങ്കോചമെന്ന്യേ പ്രവേശിപ്പാനും, അവൎക്കെല്ലാം സന്തോഷമുളവാക്കുവാനും സംഗതി വന്നിട്ടുള്ളതെന്നുള്ള പരമാൎത്ഥവും ഈ അവസരത്തിൽ ഞങ്ങൾ കൃതജ്ഞതാപുരസ്സരം രേഖപ്പെടുത്തുകതന്നെ ചെയ്യുന്നു. വയോവൃദ്ധനും, ജ്ഞാനവൃദ്ധനും, കവിവൃദ്ധനുമായ വള്ളത്തോളവർകൾക്കു ഉത്തരവാദപ്പെട്ട ഭരണാധികാരസ്ഥാനങ്ങളിൽനിന്നു സമുചിതമായ ബഹുമതികൂടി അദ്ദേഹത്തിന്റെ ജന്മദിനസുമുഹൂൎത്തത്തിൽത്തന്നെ സിദ്ധിക്കാനിടയായിട്ടുള്ളതു വിശേഷിച്ചു അദ്ദേഹത്തെ കൂടുതലായി അനുമോദിക്കുവാനുള്ള സന്ദൎഭമായിട്ടാണു ഇവിടെ പരിഗണിക്കുന്നതു്. വള്ളത്തോൾ എന്ന പാവനനാമധേയം ഇന്നു കേരളീയരായ സകല ജനങ്ങൾക്കും ഉണൎവ്വിന്നും, ഉശിരിന്നും ഉത്തരോത്തരം നിദാനമായിത്തീൎന്നിട്ടുള്ള ഭവ്യവും ദിവ്യവുമായ ഒരു മനോഹരപദമായിത്തന്നെ പരിലസിക്കുന്നു. മഹാനുഭാവനും, മലയാളത്തിലെ കവികളുടെ ചക്രവൎത്തിയുമായ അദ്ദേഹം ആരോഗ്യദൃഢഗാത്രനായി ഇനിയും അനേകം ജന്മദിനങ്ങൾകൊണ്ടാടുവാനും, അദ്ദേഹത്തിന്റെ അതിമഹത്തായ കവനതത്വപരമ്പരകൾ മലയാളികളായ സകലജാതിമതസ്ഥന്മാൎക്കും മാതൃകയായി ഭവിപ്പാനും സൎവ്വശക്തൻ അദ്ദേഹത്തെ സൎവ്വഥാ അനുഗ്രഹിക്കുമാറാകട്ടെ! മഹാകവിയോടു പാരിജാതത്തിനുള്ള ഏററവും വലിയ കടപ്പാട് ഇങ്ങിനെ ആത്മാൎത്ഥമായ ഒരു മംഗളാശംസയാൽ പ്രസ്പഷ്ടമാക്കി കൃതാൎത്ഥതയടയുകയേ തൽക്കാലം ഇവിടെ ഗത്യന്തരമുള്ളു എന്നുകൂടി സവിനയം രേഖപ്പെടുത്തിക്കൊള്ളട്ടെ!!

---

## II

[അന്നനട]

(പണ്ഡിതർ, ഈ. വി. രാമൻനമ്പൂതിരി, വില്ല്യാരത്തം)

---

കവികൾക്കു കവി, കരൾക്കകം കവി,
"കവിസാൎവ്വഭൗമ"ബിരുദവാൻ കവി,
ചെവികൾക്കാക്കവി, ഛവിനില്ക്കാക്കവി,
ഭവികപൂൎണ്ണനായ് വളൎന്നവൻകവി,
എഴുപതിലെത്തി ലസിപ്പു വള്ളത്തോൾ,
മെഴുമെഴുപ്പെഴും കൃതികൾ തൻകവി!!

# പ്രസാധകക്കുറിപ്പുകൾ.

## കോൺഗ്രസ്സ് പ്രസിഡണ്ട്.

അടുത്ത അവസരത്തിൽ നടക്കുവാനിടയുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ ജയിപ്പൂർ സമ്മേളനത്തിന്ന അദ്ധ്യക്ഷനായി ഡോക്ടർ ബി. പട്ടാഭി സീതാരാമയ്യ തിരഞ്ഞെടുക്കപ്പെട്ടതിൽ ഞങ്ങൾ അദ്ദേഹത്തെ ഹാർദ്ദമായി അനുമോദിക്കുന്നു. ആന്ധ്രദേശത്തെ ഒരു സുപ്രസിദ്ധ കോൺഗ്രസ്സ നേതാവാണു ഡോക്ടർ പട്ടാഭി. ഏതാണ്ടു 30 കൊല്ലത്തിലധികമായി കോൺഗ്രസ്സ പ്രവർത്തനങ്ങളിൽ തീരെ സ്വാർത്ഥലേശമില്ലാതെ ബദ്ധശ്രദ്ധനായിരിക്കുന്ന ഒരു അഭിവന്ദ്യപുരുഷനാണദ്ദേഹം. മഹാത്മാഗാന്ധിയുടെ ആശയങ്ങളെയും ആദർശങ്ങളെയും അക്ഷരംപ്രതി പ്രായോഗികമാക്കുന്നതിലും, ജനസാമാന്യത്തിൻെറ ഉന്നതിക്കായി സർവ്വഥാ ഉദ്യമിക്കുന്നതിലും അദ്ദേഹത്തിന്നുള്ള പ്രതിപത്തി നിസ്സീമമാണ്. രാഷ്ട്രീയകാര്യങ്ങളിൽ ഡോക്ടർ പട്ടാഭിക്കുള്ള അറിവും സർവ്വവിദിതമാണല്ലോ. വിശേഷിച്ച്, നാട്ടുരാജ്യകാര്യങ്ങളെസംബന്ധിച്ചേടത്തോളം അദ്ദേഹത്തെപ്പോലെ സകലവിവരവും ധരിച്ചു കാര്യക്ഷമമായി പലതും പ്രവർത്തിക്കുവാൻ ഇന്നു ശരിയായ പരിചയവും പഴക്കവുമുള്ളവർ ചുരുക്കമാണ്. അതുകൊണ്ടുതന്നെയാണ്, അദ്ദേഹത്തിന്നു നാട്ടുരാജ്യപ്രജാമണ്ഡലത്തിൻെറ പ്രസിഡണ്ടായി പ്രശംസാർഹമായ നിലയിൽ പ്രശോഭിക്കുവാനും സംഗതി വന്നത്. അങ്ങിനെ പല നിലയിലും അഭിനന്ദനാർഹനായ അദ്ദേഹം കോൺഗ്രസ്സ് പ്രസിഡണ്ടായതു തെക്കേ ഇന്ത്യക്കാർക്ക എല്ലാനിലയിലും അഭിമാനത്തിന്നു മാർഗ്ഗമായിട്ടുണ്ട്. ഡോക്ടർ പട്ടാഭിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സപ്രവർത്തനം പൂർവ്വാധികം പ്രശംസാർഹമാകുമെന്നു ഞങ്ങൾ ആത്മാർത്ഥമായി ആശിക്കുന്നു.

## ഇന്ത്യൻ ഭരണഘടന.

ഇതിനിടെ ജബൽപ്പുരിയിലെ റോട്ടറിക്ലബ്ബിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ കോൺഗ്രസ്സപ്രസിഡണ്ടു ഡോക്ടർ രാജേന്ദ്രപ്രസാദ പ്രസ്താവിച്ചതു

---

ഇവണ്ണം സാഹിത്യവിവിധശാഖയി-
ലെവൻ വിഹരിച്ചാൻ മലനാട്ടിലന്യൻ?
അധീശനായ് "കല്പദ്രുമ" ത്തിനൊട്ടേറെ-
സ്സുധീശപരകൃതിയടിച്ചിറക്കിനാൻ!
പുതുമധുമണമെഴും "രാമായണ"-
മതുലഭങ്ഗിയിലനൂദിതമാക്കി!
പ്രതിമാസം "രാമാനുജൻ" നടത്തിനാൻ,
അതുപോ"ലാത്മപോഷിണി"യുമാദരാൽ!
നടത്തി "കേരളോദയ"മാം വാരിക!
പടത്തി പിമ്പഹഹാ! പുരാണസഞ്ചയം!!
മഹാകാവ്യം തീർത്തു മഹാജനപ്രിയം,
മഹാരസാക്തമാം "വിലാസ"കാവ്യവും.
അഖണ്ഡസൗഭഗസുഖണ്ഡകാവ്യങ്ങ-
ളസംഖ്യമല്ലയോ രചിച്ചിരിക്കുന്നു!!
അഭിനേയാർത്ഥങ്ങൾ കൃതികൾ കൈരളി-
ക്കഭിമാനാർഹങ്ങളിണക്കിവേണ്ടോളം!!
സ്തുതിമയകൃതിതതിയൊരുപടി,
ശ്രുതിമതികൾക്കു മതിവരാപ്പടി!!
"പ്രസംഗ"സാഹിത്യപ്രകാണ്ഡസഞ്ചയ-
പ്രസന്നതാഭരം പ്രകാശനിർഭരം!!
സരസ്വതിയാൾക്കിക്കവി പതിയാണോ!
സരസ്വതിതാനിക്കവിമണിയാണോ?
കല കലക്കാട്ടേ, വിലക്കാട്ടേ-ചേലിൽ
തലകുനിക്കുവിൻ, കരങ്ങൾ കൂപ്പുവിൻ!
ജയിക്കു വള്ളത്തോൾസ്സരസ്വതി, യെന്നും
ജയിക്കു വള്ളത്തോൾ-മലയാളി ടാഗൂർ!!

ഇന്ത്യയുടെ പുതിയ ഭരണഘടനയെസംബന്ധിച്ചുള്ള നിയമാവലി ഇക്കൊല്ലാവസാനത്തോടുകൂടി തയ്യാറാകുമെന്നാണ്. ഭരണഘടനയെസംബന്ധിച്ചു പല പ്രധാന കാര്യങ്ങളും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. പ്രായപൂർത്തിവോട്ടവകാശം പരക്കെ നൽകപ്പെടുന്നകാര്യത്തിൽ പ്രത്യേകിച്ചുണ്ടാകാനിടയുള്ള മുഖ്യസംഗതിയെപ്പററി അദ്ദേഹം എടുത്തുപറഞ്ഞു. രാജ്യത്തുള്ള ഏതു ധനികനും, ദരിദ്രനും രാജ്യഭരണകാര്യങ്ങളിൽ ഒരു പങ്കു വഹിക്കുന്നുണ്ടെന്നുള്ള ബോധമുണ്ടാകുന്നതിന്നു പ്രായപൂർത്തി വോട്ടവകാശം ഏററവും നല്ലതാണെന്നും, പൌരന്മാർക്കു ആ ഏർപ്പാടു വിലയേറിയ ഒരു അവകാശലബ്ധിയും, ശരിയായ ഒരു ചുമതലയുമാണു നൽകുന്നതെന്നുമാകുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അദ്ദേഹം പൊതുവിൽ ജനസാമാന്യത്തിൻെറ ശ്രദ്ധയെ ആകർഷിച്ചതു, നല്ല ജനങ്ങളെയല്ലാതെ നിയമസമിതികളിലേയ്ക്കു തിരഞ്ഞെടുത്തയക്കരുതെന്നു സമർത്ഥിച്ചാണ്. കേവലം സ്വാർത്ഥലാഭത്തെ ഇച്ഛിച്ചുപലരും തിരഞ്ഞെടുപ്പുകാര്യങ്ങളിൽ പ്രദർശിപ്പിക്കുന്നഅനാശാസ്യങ്ങളായ നയങ്ങളാലാണു അപകടമുണ്ടാകുന്നതെന്നും പ്രസ്താവിച്ചു. നിയമസമിതികളിലേയ്ക്കുതിരെഞ്ഞെടുക്കാനു യോഗ്യതയില്ലാത്തവർതങ്ങളുടെസ്വാധീനശക്തിയുംമററുകുതന്ത്രങ്ങളുമുപയോഗിച്ചു കടന്നുകൂടുന്നതുകൊണ്ടു വന്നുചേരുന്ന ആപത്തു നമുക്കു അനുഭവമാകയാൽ അദ്ദേഹത്തിൻെറ ഉപദേശം എല്ലാ നിലയിലും ആദരണീയമാണെന്നു സമ്മതിച്ചേ കഴിയൂ.

## ഇന്നത്തെ ലോകം പഴയലോകമല്ല.

മി. ചർച്ചിലിൻെറ ഇയ്യിടെയുണ്ടായ പാർലിയമെണ്ടു പ്രസംഗത്തിന്നു മറുപടിയായി ഇന്ത്യായൂണിയൻ ഡിപ്പ്യൂട്ടി പ്രധാനമന്ത്രിസർദാർ പട്ടേൽ പ്രസ്താവിച്ചതിൻെറ രത്നചുരുക്കം ഏതാണ്ടിപ്രകാരമാകുന്നു. "30,000 ബ്രി. ഭടന്മാർ പോയിട്ടു3ലക്ഷം ബ്രി. ഭടന്മാർക്കു ഇന്ത്യയെയോ പഴയ പൌരസ്ത്യദേശത്തെയോ ഭരിക്കുവാൻസാധിക്കുകയില്ല. മി. ചർച്ചൽ മഹാന്മാർ ചെയ്തിട്ടുള്ളതു ഇല്ലാതാക്കുവാൻ തുനിയരുത്. ഇന്നത്തെ ലോകം പഴയ ലോകമല്ല. ലോകമഹായുദ്ധം ജയിച്ചു പേരും, പെരുമയും, പ്രതാപവും നേടിയ ഒരു പ്രത്യേകവ്യക്തി അന്നത്തെ ബഹുമാന്യപദവിയെ ഇല്ലാതാക്കി തന്നത്താൻ അധഃപതിക്കുന്നതു അനുതാപജനകമാണ്. മി. ചർച്ചലിൻെറ ജല്പനങ്ങൾ കേട്ടാൽ അദ്ദേഹത്തോടു ആർക്കും അനുതാപവും സഹതാപവുമല്ലാതെ മററൊന്നുമില്ല". അസൂയാകലുഷിതവും, അർത്ഥശൂന്യവുമായ വെറും ജല്പനങ്ങൾകൊണ്ടു ഇനിയും ലോകത്തെ മിരട്ടാമെന്നു മി. ചർച്ചൽ വിചാരിക്കുന്നുണ്ടെങ്കിൽ അതുപോലെ അബദ്ധം മറെറാന്നുമില്ലെന്നു ഇനിയും അദ്ദേഹം മനസ്സിലാക്കാത്തതു അത്യത്ഭുതമാണ്.

## മി. ട്രൂമാൻ വീണ്ടും വിജയിയായി.

അമേരിക്കയിലെ പ്രസിഡണ്ടുതിരഞ്ഞെടുപ്പിൽ ഡെമൊക്രാററിക്കുകക്ഷിയായ പ്രസിഡണ്ടു ഹാറി ട്രൂമാൻ തന്നെവിജയിആയിരിക്കുന്നു. ന്യൂയോർക്ക് റിപ്പബ്ളിക്കു ഗവർണ്ണർ തോമസ്സ് ഡ്യൂവി ആയിരുന്നു പ്രധാനഎതിർസ്ഥാനാർത്ഥി. മി. ട്രൂമാൻ ഇനിയും നാലുകൊല്ലത്തേയ്ക്കു പ്രസിഡണ്ടായിരിക്കും. മി. ട്രൂമാനും, മി ഡ്യൂവിയും തമ്മിലുള്ള മത്സരത്തിൽ വളരെ കുറച്ചുവോട്ടുകൾ കൂടുതലേ മി. ട്രൂമാന്നു കിട്ടിയിട്ടുള്ളു.

## നാട്ടുഭാഷയിൽ കമ്പിസന്ദേശം.

കമ്പിസന്ദേശം സ്വീകരിക്കുന്ന പ്രദേശത്തൊ അതു ഏത്തേണ്ട സ്ഥലത്തോ പരിചയമുള്ള നാട്ടുഭാഷയിൽ കമ്പിസന്ദേശങ്ങൾ അയക്കാവുന്നതാണെന്നു ഇന്ത്യാഗവർമ്മേണ്ടിൻെറ തപ്പാൽ—കമ്പിഡിപ്പാർട്ടുമെണ്ട് പരക്കെ അറിയിച്ചിരിക്കുന്നു. എന്നാൽ കമ്പിയിലെ വാചകങ്ങൾ "റോമൻ ലിപി"യിലായിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. ഈ ഏർപ്പാടു പലനിലയിലും പരക്കെ ഉപകാരമാണ്.

## കൂടുതൽ ഭൂമിയിൽ കൃഷിയിറക്കുവാൻ.

മദിരാശിഗവർമ്മേണ്ടു കൂടുതൽ ഭൂമിയിൽ കൃഷിയിറക്കുവാൻ വേണ്ട നിയമനിർമ്മാണത്തിന്നു തീരുമാനിച്ചിരിക്കുന്നു. ബ്രിട്ടീഷ് കാർഷികബില്ലിൻെറ മാതൃകയായിരിക്കുമത്രെ ഇതു. കൃഷികാര്യത്തിൽ ഇക്കാലത്തു ഗവർമ്മേണ്ടു ചെയ്യുവാൻ ഉദ്ദേശിക്കുന്ന എല്ലാ ഏർപ്പാടുകളും പ്രത്യേകം അഭിനന്ദിക്കത്തക്കതാണെന്നുള്ളതിന്നു സംശയമില്ല.

## ടെലിഫോൺബന്ധം.

രണ്ടാം ലോകമഹായുദ്ധം തുടങ്ങിയപ്പോൾ നിർത്തലാക്കപ്പെട്ടിരുന്ന ടെലിഫോൺ ബന്ധം ഇന്ത്യ, സിലോൺ, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളും, ജമ്മനിയുമായി വീണ്ടും ഈ നവമ്പർ 2-ാംനു- മുതൽ ആരംഭിച്ചിരിക്കുന്നു വെന്നുള്ളതു ലോകോപകാരപരമായ ഒരു കാര്യമാണ്.

—o—